

# ALMOST FREE !

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**

C–22 N. D. S. E. 2

**New Delhi-110049**

# ബൈബിൾ ട്രൂത്ത്

Editors :

P. K. VARGHESE | J. C. CHOATE

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

Vol. 2 | August 1988 | No. 5




അടുത്ത സമയത്തുണ്ടായ ട്രെയിൻ ദുരന്തത്തിൽ നിരപരാധികളായ അനവധിപേരുടെ ജീവൻ ഒടുങ്ങി. ഇതു ദൈവമറിഞ്ഞുകൊണ്ടല്ലേ? ഇത്തരം ദാരുണ സംഭവങ്ങളെ ബൈബിൾ അനുസരിച്ച് നാം എങ്ങനെ വീക്ഷിക്കണം എന്ന ചോദ്യം പലരും ചോദിക്കയുണ്ടായി. എല്ലാ സംഭവങ്ങൾക്കും ഒരു കാരണമുണ്ട് എന്നു നാം അറിഞ്ഞിരിക്കണം. ദൈവം അറിയാതെ ഒന്നും സംഭവിക്കയില്ല എന്നതും പ്രസ്താവ്യമത്രെ. എന്നാൽ ചിലർ ഇങ്ങനെ അത്യാഹിതത്തിൽ മരിക്കണമെന്നും മററു ചിലർ നല്ല മരണം പ്രാപിക്കണമെന്നും മുൻ നിശ്ചയിച്ചിട്ടില്ല. ദൈവനിശ്ചയമാണ്, വിധിയാണ് എന്നെല്ലാം പറഞ്ഞ് ദൈവത്തെ പഴിക്കാറുണ്ട്. അതു ശരിയല്ല. ഏതൊരു പ്രവൃത്തി ചെയ്യുവാനും ചെയ്യാതിരിക്കുവാനും തെരഞ്ഞെടുക്കുന്ന മനുഷ്യർ തന്നെയാണ് ഇതിനുത്തരവാദി. അതുകൊണ്ട് മരണം ഏതുവിധത്തിലും എപ്പോഴും നേരിടുമെന്നു കരുതി, മരിക്കുന്നതിനുമുമ്പ് ദൈവത്തിൻെറ കൽപ്പനയനുസരിച്ച് ജീവിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. പിന്നെ എങ്ങനെ മരിച്ചാലും നമുക്കു ഭയപ്പെടാനില്ല.

**പി കെ. വർഗ്ഗീസ്**

# എന്താണ് സ്നേഹം ?

J. C. ചോട്ട്

നാം പലപ്പോഴും സ്നേഹത്തെക്കുറിച്ച് സംസാരിക്കാറുണ്ട്, എഴുതാറുണ്ട്. സുവിശേഷകൻമാരും ഉപദേഷ്ടാക്കൻമാരും അതിനെക്കുറിച്ച് ധാരാളം പ്രസംഗിക്കാറുണ്ട്. എന്നാൽ അധികംപേർക്കും അത് അർത്ഥശൂന്യമായിട്ടാണ് കാണുന്നത്. സ്നേഹമെന്താണ് എന്ന് അവർക്കറിഞ്ഞുകൂടാ. നൽകുന്നവരെല്ലാം എല്ലായ്പ്പോഴും തിരിച്ച് എന്തെങ്കിലും കിട്ടണമെന്ന ആഗ്രഹക്കാരാണ്. കുട്ടികളെ വീട്ടിനു ചുററുമുള്ള വളർത്തു മൃഗങ്ങളെപ്പോലെ കരുതി വിട്ടുകളയുന്ന എത്രയോ രക്ഷകർത്താക്കളുണ്ട്. ഭാര്യമാർ തങ്ങളുടെ ഭർത്താക്കൻമാരാൽ ക്രൂരമായി പെരുമാറപ്പെടുന്നു. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമെന്ത്? മാനുഷികമായ പരിഹാരം തികച്ചും അപര്യാപ്തമാണെന്നു അനുഭവം നമ്മെ പഠിപ്പിക്കുന്നു. ആത്മീയമായ പരിഹാരമാണ് നാം കണ്ടെത്തേണ്ടിയിരിക്കുന്നത്.

ആദ്യമായി സ്നേഹമെന്ന പദത്തെ നമുക്കൊന്നു നിർവ്വചിക്കാം. അനേകതരത്തിലുള്ള സ്നേഹമുണ്ട്. ഭൂരിപക്ഷം പേരും സ്നേഹത്തെ ഭൗതികമായി കരുതുന്നവരാണ്. ലൈംഗിക ഇണ ചേരൽ, വികാരപരമായ ബന്ധം, ഊഷ്മളമായ അടുപ്പം എന്നിവയാണ് സ്നേഹത്തിന് ചിലരുടെ വ്യാഖ്യാനം. എന്നാൽ മറെറാരുതരം സ്നേഹമുണ്ട്. നമ്മുടെ മാതാപിതാക്കളോടും സഹോദരീസഹോദരങ്ങളോടും കുഞ്ഞുങ്ങളോടും ഉള്ള ബന്ധത്തെയാണ് അത് സൂചിപ്പിക്കുന്നത്. ഇവിടെ നാം വിവരിക്കുന്ന സ്നേഹം ഇതിലുമൊക്കെ ഉയർന്ന ഒന്നാണ്. അത് അഗാപ്പെ സ്നേഹമാണ്. ഒരാൾ മറെറാരാളുടെ അഭ്യുന്നതിയെ കരുതി ചിന്തിച്ച് പ്രവർത്തിക്കുന്ന തരത്തിലുള്ള ഒരു സ്നേഹമാണത്. ഇത് മററുതരത്തിലുള്ള സ്നേഹത്തെക്കാൾ ധാർമ്മികമൂല്യമുള്ളതാണ്. സർവ്വ മനുഷ്യർക്കും പ്രായോഗികമാക്കുവാൻ ദൈവം ഒരു മാതൃകയും നൽകിയിട്ടുണ്ട്.

ഉദാഹരണമായി ദൈവത്തിനു മനുഷ്യരോടുള്ള ബന്ധത്തെ നമുക്കു നോക്കാം. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹം തന്നെ എന്നത്രെ 1 യോഹന്നാൻ 4–ാം അദ്ധ്യായം 8–ാം വാക്യത്തിൽ നാം വായിക്കുന്നത്. ദൈവം നമ്മെ സ്നേഹിക്കുന്നു എന്നു വാക്കുകളിലൂടെ പറയുക മാത്രമല്ല ചെയ്തത്, മറിച്ച് തന്റെ സ്വന്തപുത്രനെ നമുക്കു നൽകിയാണ് അതു കാണിച്ചുതന്നതു. നാം ദൈവത്തെ മനസിലാക്കാൻ ശ്രമിക്കുകയാണെങ്കിൽ ഈ രീതിയിൽ വേണം

അവനെ കാണുവാൻ. ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നെ. (യോഹന്നാൻ 3:16). അവൻ തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷ പ്രാപിക്കേണ്ടതിന്നത്രേ. ''നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹം ആകുന്നു'' എന്നു യോഹന്നാൻ വീണ്ടും പറയുന്നു. പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. അവനാണ് ആദ്യം നമ്മെ സ്നേഹിച്ചത്.

അടുത്തതായി തന്നെത്താൻ നമുക്കുവേണ്ടി നല്കി നമ്മെ ക്രിസ്തു എങ്ങനെ സ്നേഹിച്ചു എന്നു നോക്കാം. സ്നേഹിതന്മാർക്കു വേണ്ടിജീവനെ കൊടുക്കുന്നതിലും അധികമുള്ളസ്നേഹം ആർക്കും ഇല്ല. നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്തു അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നത് ദുർല്ലഭം. ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ഈ വാക്യങ്ങളിൽനിന്നും മററനേകം വാക്യങ്ങളിൽനിന്നും തെളിയുന്നത്, ക്രിസ്തു നമ്മെ സ്നേഹിക്കുന്നു എന്ന് വെറും വാക്കുകളിലൂടെ പറയുകയല്ല, മറിച്ച് പ്രവർത്തിയിലൂടെ തെളിയിച്ചു. അതിനേക്കാൾ ഉപരിയായി അവൻ മരിച്ചത് നീതിമാൻമാർക്കുവേണ്ടിയായിരുന്നില്ല, പിന്നെയോ അഭക്തർക്കുവേണ്ടിയായിരുന്നു. അവിടെയാണ് യഥാർത്ഥമായ സ്നേഹം നാം കാണുന്നത്.

കർത്താവു നമ്മെ സ്നേഹിക്കുമ്പോഴും, ആ സ്നേഹം നമുക്കുവേണ്ടി പ്രദർശിപ്പിക്കുമ്പോഴും അവൻ ആഗ്രഹിക്കുന്നത് ,നാം അവനെ സ്നേഹിക്കണമെന്നാണ്. ഒരിക്കൽ ഒരാൾ ക്രിസ്തുവിനോട്, ന്യായപ്രമാണത്തിൽ ഏററവും വലിയ കൽപ്പന ഏതെന്നു ചോദിച്ചതിന്, ''നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണാത്മാവോടും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസോടുംകൂടെ സ്നേഹിക്കണം'' ഇതു ആദ്യത്തേതും വലുതുമായ കല്പനയാകുന്നു എന്ന് അവൻ മറുപടി നൽകുകയുണ്ടായി. രണ്ടാമത്തേത് - അതിനു സമം ''നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കണം'' (മത്തായി 22;36-40). നാം കർത്താവിനെ സ്നേഹിക്കുന്നു എന്നു അവനു കാണിച്ചുകൊടുക്കാൻ എങ്ങനെ കഴിയും? ആദിമ ശിഷ്യൻമാരോട് ഇതിന്റെ വിവരണം അവൻ നൽകുന്നുണ്ട്. ''നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപ്പനകളെ പ്രമാണിക്ക'' (യോഹന്നാൻ 14;15). ദൈവംതന്റെ

ഹിതം നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. ആകയാൽ അവ എന്തെല്ലാമാണെന്ന് നാം പഠിക്കണം. മാത്രമല്ല, അതു നാം അനുസരിക്കുകകൂടെ വേണം. അവനെ അനുസരിക്കുവാൻ വൈമുഖ്യത കാണിച്ചുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു എന്ന് എങ്ങനെ പറയാൻ കഴിയും? സാമാന്യബുദ്ധിയുള്ള എല്ലാവർക്കുമറിയാം അതു സാദ്ധ്യമല്ല എന്ന്.

വീണ്ടും നാം നമ്മുടെ അയൽക്കാരനെ അല്ലെങ്കിൽ സഹായമാവശ്യമുള്ള വ്യക്തിയെ സ്നേഹിക്കേണ്ടതാകുന്നു. നമ്മുടെ സ്നേഹിതൻമാരെ, കുടുംബാംഗങ്ങളെ, മാതാപിതാക്കളെ, ഭർത്താക്കൻമാരെ, ഭാര്യമാരെ, പുത്രൻമാരെ അങ്ങനെ എല്ലാവരെയും സ്നേഹിക്കുവാൻ ദൈവം പറഞ്ഞിരിക്കുന്നു.

നാം സഭയെയും, അദ്ധ്യക്ഷൻമാരെ, സുവിശേഷകൻമാരെ, ഉപദേഷ്ടാക്കൻമാരെയും സഹോദരവർഗത്തെയും സ്നേഹിക്കേണ്ടതാകുന്നു (1 പത്രോസ് 2:17). അതിന്റെ ഉദ്ദേശം ക്രിസ്തു പറഞ്ഞിട്ടുണ്ട്. ''നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാർ എന്നു എല്ലാവരും അറിയും''.

അവസാനമായി നാം നഷ്ടപ്പെട്ടവരേയും ശത്രുക്കളെപ്പോലും സ്നേഹിക്കേണ്ടതാണ്. പുതിയ നിയമകർത്താവ് നമ്മോടു നിർദ്ദേശിച്ചിരിക്കുന്നതു ശ്രദ്ധിക്കുക ''ഞാനോ നിങ്ങളോടു പറയുന്നത് നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ (മത്തായി 5:4). എന്നാൽ നാം കാണപ്പെടാത്തവരേയും ശത്രുക്കളേയും സ്നേഹിക്കുന്നതെങ്ങനെ? നമുക്കു വ്യക്തിപരമായി അറിയാവുന്നവരേയും നമുക്ക് ബന്ധമുണ്ടെന്നു തോന്നുന്നവരെയും സ്നേഹിക്കുവാനാണല്ലോ നാം പഠിച്ചിരിക്കുന്നത്. പക്ഷെ പരിചയമില്ലാത്തവരെയും നമുക്കെതിരായി പ്രവർത്തിക്കുന്നവരെയും സ്നേഹിക്കുകയെന്നു പറഞ്ഞാൽ വിഷമമാണ് അല്ലേ? നാം സംസാരിക്കുന്ന സ്നേഹം മററുള്ളവരുടെ അഭ്യുദയത്തെ കാംക്ഷിക്കുന്ന തരത്തിലുള്ള ഒന്നാണ്. അതു മനസിൽവെച്ചു കൊണ്ടുവേണം തിൻമക്കു പകരം നൻമ ചെയ്യുന്നതിനും ശത്രുക്കളെ മിത്രങ്ങളായി കാണുന്നതിനും.

അപ്പോസ്തലനായ പൗലോസ് ഈ വിഷയത്തെ വിവരിക്കുന്നതു നോക്കാം, ''സ്നേഹം നിർവ്യാജമായിരിക്കട്ടെ. തീയതിനെ വെറുത്തു കൊണ്ട് നല്ലതിനോടു പററിക്കൊൾവിൻ. ഉൽസാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ. ആശയിൽ സന്തോഷിപ്പിൻ, കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ. പ്രാർത്ഥനയിൽ ഉററിരിപ്പിൻ. വിശുദ്ധൻമാരുടെ ആവശ്യങ്ങളിൽ

കൂട്ടായ്മ കാണിക്കയും അതിഥി സൽക്കാരം ആചരിക്കയും ചെയ്‌വിൻ, നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ, ശപിക്കാതെ അനുഗ്രഹിപ്പിൻ, തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നു കൊൾവിൻ. നിങ്ങളെത്തന്നെ ബുദ്ധിമാൻമാർ എന്നു വിചാരിക്കരുത്. ആർക്കും തിൻമക്കു പകരം തിൻമ ചെയ്യാതെ സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ. പ്രിയമുള്ളവരേ നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിനു ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു. എന്നാൽ നിന്റെ ശത്രുവിന്നു വിശക്കുന്നുവെങ്കിൽ അവന്നു തിൻമാൻ കൊടുക്ക; ദാഹിക്കുന്നുവെങ്കിൽ കുടിപ്പാൻ കൊടുക്ക. അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും എന്നു എഴുതിയിരിക്കുന്നുവല്ലോ. തിൻമയോടു തോൽക്കാതെ നൻമയാൽ തിൻമയെ ജയിക്കുക.

ആകയാൽ നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കേണ്ടത് അവരുടെ ഇഷ്ടമനുസരിച്ച് നൻമ ചെയ്തുകൊണ്ടായിരിക്കണം. യാതൊരു പരിചയവുമില്ലെങ്കിലും അവർക്കു നാം സ്നേഹം കാണിക്കേണ്ടത് ഇതുപോലെയായിരിക്കണം. അവരെ സഹായിക്കുകയാണ് നമ്മുടെ ധർമ്മം. ശാശ്വതമായ ഒന്നായിരിക്കണം അത്. സുവിശേഷം അവർക്കു മനസ്സിലാക്കിക്കൊടുത്തുകൊണ്ട് ദൈവേഷ്ടം ചെയ്യുവാനുള്ള അവസരം അവർക്കും ഒരുക്കികൊടുക്കുമ്പോൾ അവർ അങ്ങനെ രക്ഷ പ്രാപിക്കുവാനിടയാകും. അവരെ സംബന്ധിച്ചിടത്തോളം അതു വിലപ്പെട്ട ഒരു പ്രവൃത്തിതന്നെ. ഇപ്പോൾ യഥാർത്ഥമായ സ്നേഹം എന്തെന്നു മനസ്സിലായി കാണുമല്ലോ.

ഏതുതരത്തിലുള്ള സ്നേഹമാണ് നിങ്ങളിൽ ഉള്ളത്? നിങ്ങൾ സ്നേഹം പ്രദർശിപ്പിച്ചിട്ടുണ്ടോ? ഞാൻ നിങ്ങളെ സ്നേഹിക്കുന്നുവെന്നു എപ്പോഴെങ്കിലും ആരോടെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ അപ്രകാരം സ്നേഹിക്കുവാൻ പരിശ്രമിക്കുക. തീർച്ചയായും നിങ്ങൾ അതിൽ തൃപ്തി കണ്ടെത്തും. ഇത്തരം സ്നേഹം ഒരു ബലഹീനതയല്ല, മറിച്ച് ബലംതന്നെയാണ്. നാമെല്ലാവരും ഇത്തരത്തിലുള്ള സ്നേഹമാണ് പരിശീലിക്കേണ്ടത്. അതു നമ്മെ മാറ്റും. പിന്നീട് നമുക്കു ചുറ്റും വസിക്കുന്നവരോടു നാം പരിശീലിക്കുമ്പോൾ അതു അവരുടെ നൻമക്കായി പ്രതിഫലിക്കും എന്നതിനു സംശയമേ വേണ്ട.

# ശിഷ്യത്വത്തിന്റെ വില

ക്രിസ്ത്യാനിയാകുന്നത് പ്രയാസമുള്ള കാര്യമല്ല. എല്ലാവരും ക്രിസ്ത്യാനിയാകുന്നതിനു ഒരു കാര്യമേ ചെയ്യാനുള്ളു. ക്രിസ്തുവിൽ വിശ്വസിച്ചു മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി സ്നാനപ്പെടണം. (മർക്കൊ 16:16, അപ്പൊ: പ്ര 2:38). എന്നിരുന്നാലും ക്രിസ്തീയ ജീവിതം നയിക്കുക എന്നതാണ് പ്രയാസമായ കാര്യം. ഈ കാരണത്താൽ അനേകർ ലൗകിക ജീവിതത്തിലേക്കു തിരികെ പോകുന്നു. യഥാർത്ഥത്തിൽ ക്രിസ്തീയ ജീവിതം വെല്ലുവിളിക്കുന്ന ജീവിതമാകുന്നു. ക്രിസ്തു ലോകത്തിൽ ആയിരുന്നപ്പോൾ അവന്റെ അൽഭുതങ്ങൾ കണ്ടുകൊണ്ടു അനേകർ അവനിലേക്കു ആകർഷിക്കപ്പെട്ടു. അവർ അദ്ദേഹത്തിന്റെ ശിഷ്യൻമാരായി മാറി. എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യൻമാരാകുന്നതിനു അവരിൽനിന്നും ക്രിസ്തു ആവശ്യപ്പെട്ടത് എന്താണെന്നു അവർ കേട്ടപ്പോൾ അവർ നിരാശപ്പെട്ടു. അന്നുമുതൽ അവന്റെ ശിഷ്യൻമാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല (യോഹ 6:66) യെന്നാണ് ബൈബിൾ പറയുന്നത്.

ക്രിസ്ത്യാനിയാണെന്നു ഭാവിക്കുന്ന എല്ലാവരും ക്രിസ്ത്യാനികളല്ല, ക്രിസ്തു വാഗ്ദാനംചെയ്ത ജീവകിരീടം സ്വീകരിക്കുവാൻ യോഗ്യതയുള്ളവരാണ് ക്രിസ്ത്യാനികൾ. "മരണപര്യന്തം വിശ്വസ്തനായിരിക്ക", എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും (വെളിപ്പാട് 2:10). ക്രിസ്തീയ ജീവിതം പ്രതിഫലം നൽകുന്ന ജീവിതമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാൽ പാപമോചനവും, സ്വർഗ്ഗത്തിൽ നിത്യജീവന്റെ പ്രതീക്ഷയും അതിലുണ്ട്, ക്രിസ്ത്യാനികൾക്കു മാത്രമായി ദൈവം നൽകപ്പെട്ട അതിശയകരമായ വാഗ്ദാനങ്ങൾ കൂടി അതിലുണ്ട്. ക്രിസ്ത്യാനിയുടെ നൻമക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന അവന്റെ ദൈവീകമായ സംരക്ഷണവും പ്രാർത്ഥനകളിൽ അവന്റെ ശ്രദ്ധയും ആകുന്നു ആ വാഗ്ദാനങ്ങൾ. എന്നാൽ ദൈവം പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കുകയും ദൈവത്തെ സ്നേഹിക്കുകയും ചെയ്യുന്നവർക്കുവേണ്ടി മാത്രമാണ് ആ വാഗ്ദാനങ്ങൾ (മത്തായി 7;21; റോമർ 8;28).

അവന്റെ അനുയായികളാകുവാൻ ആഗ്രഹിക്കുന്നവരോടു അവൻ എന്തു പറയുന്നുവെന്നു ശ്രദ്ധിക്കുക. (ലൂക്കൊ 9:23). അവൻ ആദ്യമായി പറയുന്നത് ഒരുത്തൻ എന്നെ അനുഗമിക്കട്ടെ എന്നാണ്. ഈ ക്ഷണം ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഉള്ളതാണ്.

ഒരു കൂട്ടം ആളുകൾക്കു മാത്രം ക്രിസ്തു കുരിശിൽ മരിച്ചില്ല, എന്നാൽ അവൻ ഈ ലോകത്തിനു മുഴുവനും വേണ്ടി മരിച്ചു. അവൻ നൽകുന്ന രക്ഷക്കുവേണ്ടി ആർക്കും അവന്റെ അടുക്കലേക്കു വരാം. പിന്നെ അവൻ പറയുന്നു, ഇച്ഛിക്കുന്ന ഒരുത്തന് ക്രിസ്തുവിലേക്കു വരുന്നതിനുമുമ്പായി അവനിലേക്കു വരുവാനുള്ള ആഗ്രഹം ഉണ്ടായിരിക്കണം. ബൈബിളിൽ സക്കായിയെ കുറിച്ചു നാം വായിക്കുന്നു. യേശു എങ്ങനെയുള്ളവൻ ആയിരുന്നുവെന്നു കാണുന്നതിന് അവനു അതിയായ ആഗ്രഹം ഉണ്ടായിരുന്നു. യേശു ഒരു നിശ്ചിത വഴിയിലൂടെ വരാൻ പോകുന്നുവെന്നു കേട്ടതോടെ അവൻ യേശുവിനെ കാണുവാൻ തീരുമാനിച്ചു. അവൻ ഉയരത്തിൽ ചെറുതായിരുന്നതുകൊണ്ടും ജനത്തിരക്കു ഉണ്ടായിരുന്നതുകൊണ്ടും അവനു യേശുവിനെ കാണ്മാൻ സാധിച്ചിരുന്നില്ല. ബൈബിൾ പറയുന്നു "അതുകൊണ്ട് അവൻ മുമ്പോട്ട് ഓടി, അവനെ കാണേണ്ടതിനു ഒരു കാട്ടത്തിമേൽ കയറി. യേശു ആ വഴിയായി വരികയായിരുന്നു. അവൻ ആ സ്ഥലത്തു എത്തിയപ്പോൾ മേലോട്ടു നോക്കി, സക്കായിയേ, വേഗം ഇറങ്ങി വാ, ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു. യേശു സക്കായിയുടെ വീട്ടിലായിരുന്നപ്പോൾ സക്കായി പറഞ്ഞു കർത്താവേ, എന്റെ വസ്തുവകയിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്, വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കികൊടുക്കുന്നു. (ലൂക്കൊ 18:3-5,8). സക്കായി യേശുവിൽ വിശ്വസിക്കുക മാത്രമല്ല ചെയ്തത്, എന്നാൽ അവന്റെ ജീവിതം മാറ്റുന്നതിന് അവൻ തയ്യാറായിരുന്നു. ക്രിസ്തുവിന്റെ അനുയായി ആകുന്നതിനുള്ള വില നൽകുന്നതിനും അവൻ അതിയായി ആഗ്രഹിച്ചു. ആഗ്രഹം മാത്രമല്ല അവനിൽ ഉണ്ടായിരുന്നത്. എന്നാൽ കർത്താവ് ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങളും ചെയ്യുവാനും അവൻ തയ്യാറായിരുന്നു.

നിത്യജീവൻ ആഗ്രഹിച്ചുകൊണ്ടു വന്ന മറ്റൊരു മനുഷ്യൻ കൂടിയുണ്ട്. എന്നാൽ അവൻ ശിഷ്യത്വത്തിന്റെ വില നൽകുവാൻ ആഗ്രഹിച്ചിരുന്നില്ല. മർക്കോസിന്റെ 10-ാം അദ്ധ്യായത്തിൽ നാം അവനെക്കുറിച്ചു വായിക്കുന്നു. അവൻ ഓടിവന്നു യേശുവിന്റെ മുമ്പാകെ മുട്ടിൽ വീണു ചോദിച്ചു, 'നല്ല ഗുരോ, നിത്യജീവനെ അവകാശം ആക്കുവാൻ ഞാൻ എന്തു ചെയ്യണം?' അവൻ ഒരു സൽസ്വഭാവി ആയിരുന്നു. എന്നാൽ ദൈവം അവനോടു പറഞ്ഞു 'ഒരു കുറവു നിനക്കുണ്ട്, നീ പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്കുക' അവൻ എന്തു ചെയ്തു? ബൈബിൾ നമ്മോടു പറയുന്നു 'അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ടു ഈ വചനത്തിൽ വിഷാദിച്ചു ദുഃഖിതനായി പൊയ്ക്കളഞ്ഞു.' (മർക്കൊ 10:

17:21,22) സ്വർഗ്ഗത്തിൽ നിത്യജീവൻ ലഭിക്കുന്നതിനു അവൻ ആഗ്രഹിച്ചതായി നാം ഇവിടെ കാണുന്നു. എന്നാൽ വില നൽകുന്നതിന് അവൻ ആഗ്രഹിച്ചിരുന്നില്ല. ആഗ്രഹിക്കുന്നത് നല്ലതാകുന്നു. എന്നാൽ ക്രിസ്തു പറഞ്ഞു, ധാരാളം പേർ ആഗ്രഹിക്കും എന്നാൽ സ്വർഗ്ഗത്തിലേക്കു കടക്കുകയില്ല. എന്തുകൊണ്ടെന്നാൽ വില നൽകുവാൻ അവർ തയ്യാറല്ല (ലൂക്കൊ 13:24).

വീണ്ടും കർത്താവ് പറഞ്ഞു, 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നത്താൻ ത്യജിക്കണം'. ഒരുവൻ തന്നെത്താൻ നിഷേധിക്കണം. അതായത് കർത്താവിനു പിന്നിൽ സ്വയം അർപ്പിക്കുവാൻ ഒരുവൻ തയ്യാറാകണം. എന്റെ മനസ്സുപോലെയല്ല, എന്നാൽ നിന്റെ മനസ്സുപോലെ ആകണമെന്നു പറയാൻ തയ്യാറാകണം. സ്വയം നിഷേധിക്കുന്നതു വളരെ പ്രധാനമാകുന്നു, ഇതാകുന്നു ക്രിസ്ത്യാനിത്വത്തിലെ വളരെ പ്രയാസകരമായ ഭാഗം. ഒരുവൻ സ്വയം നിഷേധിക്കുമ്പോൾ ഓരോ കാര്യത്തിലും അവൻ ദൈവത്തെ ആശ്രയിക്കുന്നു. അവന്റെ മഹത്വത്തിനായി മാത്രമെ അവൻ ഓരോന്നും പ്രവർത്തിക്കുന്നുള്ളു. ദൈവത്തെ സന്തോഷപ്പെടുത്തുന്ന കാര്യങ്ങൾ മാത്രമേ അവൻ ചെയ്യുന്നുള്ളു. 'എന്നേക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല; എന്നേക്കാൾ മകനേയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ലാ' യെന്നു (മത്തായി 10:37) അവൻ പറഞ്ഞപ്പോൾ യേശു എല്ലാം വ്യക്തമാക്കികഴിഞ്ഞു. കർത്താവിന്റെ മനസ്സു പ്രവർത്തിക്കുന്നതിനു വരുമ്പോൾ ഒരു ക്രിസ്ത്യാനിക്കു തെരഞ്ഞെടുക്കൽ അനുവദിക്കുന്നില്ല. കർത്താവിന്റെ ക്ഷണം സ്വീകരിച്ചുകൊണ്ടു അവന്റെ ഇഷ്ടം പ്രവർത്തിക്കുന്നതിനു വരുന്നതിനുള്ള തെരഞ്ഞെടുക്കൽ മാത്രമേ അവനുള്ളു.

ക്രിസ്തീയ ജീവിതത്തിൽ ഓരോ കാര്യങ്ങളിലും പ്രഥമസ്ഥാനം ദൈവത്തിനായിരിക്കണം. വീണ്ടും ദൈവം പറഞ്ഞതു നാം ശ്രദ്ധിക്കുക. 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുക്കട്ടെ' നാൾ തോറുമുള്ള അവന്റെ ക്രൂശ് എടുക്കുവാൻ തയ്യാറാകുന്നില്ലായെങ്കിൽ അവൻ കർത്താവിനെ അനുഗമിക്കേണ്ട കാര്യമില്ല. ക്രിസ്ത്യാനിത്വം കുരിശിന്റെ മതമാകുന്നു, തടികുരിശോ, ലോഹകുരിശോ, കൽകുരിശോ എടുക്കുന്നതിനല്ല ദൈവം ഒരാളോടു ആവശ്യപ്പെടുന്നത്. വേദനയുടെയും സഹനത്തിന്റെയും സ്വപരിത്യാഗത്തിന്റെയും അനുസരണയുടെയും ത്യാഗത്തിന്റെയും അടയാളമാകുന്നു കുരിശ്. ഒരുത്തൻ എന്നെ അനുഗമിപ്പാൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധവും അവൻ ചെയ്യണമെന്ന് കർത്താവ് പറയുന്നു. ദൈവത്തിനുവേണ്ടി സഹിപ്പാൻ തയ്യാറാകണം. സ്വയം അവൻ പരിത്യജിക്കണം. ദൈവേഷ്ടം എന്താണെന്നു അറിഞ്ഞു പ്രവർത്തിക്കണം. സ്വയം ത്യാഗമായി അവനെ

തന്നെ അർപ്പിക്കണം. ഞായറാഴ്ച മതങ്ങളിൽ മാത്രം ചിലർ ക്രിസ്ത്യാനിത്വം കാണുന്നുള്ളൂ. എന്നാൽ യഥാർത്ഥത്തിൽ ക്രിസ്ത്യാനിത്വം ദിവസേനയുള്ള മതമാകുന്നു.

യേശു പറഞ്ഞത് ഒരിക്കൽ കൂടി ഓർക്കുക. 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ'

'എന്നെ അനുഗമിക്കട്ടെ' എന്ന അവസാന വാക്കുകൾ ഇവിടെ ശ്രദ്ധിക്കുക. നാം കർത്താവിനെ അനുഗമിക്കുവാൻ പോകുന്നുവെങ്കിൽ അവനെ മാത്രമേ അനുഗമിക്കാവൂ; നമ്മുടെ മനസാക്ഷിയെ അനുഗമിക്കരുത്. ഇന്നു കർത്താവിനെക്കാൾ അപരന്മാരുടെ സഭകളിലെ സിദ്ധാന്തങ്ങളെ അനുകരിക്കുന്നവർ ധാരാളമുണ്ടെന്നു ഞാൻ ഭയപ്പെടുന്നു. ഇത് അപ്രകാരമല്ലയെങ്കിൽ എന്തുകൊണ്ടു പരസ്പരവിരുദ്ധങ്ങളും സംശയാസ്പദങ്ങളുമായ സിദ്ധാന്തങ്ങൾ നിലനിൽക്കുന്നു? അല്ലെങ്കിൽ ഇന്നു ക്രിസ്ത്യാനിത്വത്തിൽ എന്തുകൊണ്ടു അനേകം വിഭാഗങ്ങൾ നിലനിൽക്കുന്നു? അതിൽ നിങ്ങൾ അതിശയിക്കുന്നുണ്ടോ? ജനങ്ങൾ മനുഷ്യരെയും അവരുടെ ഫാനങ്ങളെയും അനുകരിക്കുന്നുവെന്നു പറയുന്നത് ശരിയല്ലേ? നമുക്കു ദൈവത്തെ ശ്രവിക്കാം; നമ്മെ തന്നെ പരിത്യജിച്ച് നമുക്കു അവനിലേക്കു വരാം. നമ്മുടെ കുരിശുകൾ നമുക്കു ദിനംപ്രതി വഹിക്കാം. എന്നാൽ നാം അപ്രകാരം ചെയ്യുന്നില്ലായെങ്കിൽ തീർച്ചയായും നാം തെറ്റായ വഴിയിലേക്കു നയിക്കപ്പെടുന്നു. (മത്താ 7:13, 14)

# സ്വീകാര്യമായ ആരാധന

(ജൂൺ ലക്കത്തിന്റെ തുടർച്ച)

## 2. പ്രസംഗിക്കുക—സുവിശേഷം പ്രസ്താവിക്കുക

പ്രാർത്ഥന പോലെ തന്നെ സുവിശേഷം പ്രസംഗിക്കേണ്ടതിന്റെ ആവശ്യകതയും വളരെ സ്വീകാര്യമായതുകൊണ്ട് അതിനെക്കുറിച്ചും ചെറിയ അഭിപ്രായം ആവശ്യമാണ്. ചില പ്രധാനപ്പെട്ട വചനങ്ങൾ പ്രവൃ 20:8, ഗലാ 1:8-9, 1 കൊരിന്ത്യർ 1:21, പ്രവൃത്തി 2:42, ഈ പ്രവൃത്തിയിലും മനുഷ്യൻ ദൈവത്തിന്റെ വഴിയിൽനിന്നു മാറിയിട്ടുണ്ട്. സ്ത്രീകൾ (പ്രാസംഗികൾ) പൊതുരംഗത്ത് സഭയിലെ പുരുഷൻമാരുടെമേൽ അധികാരം ചെലുത്തുന്നതിനെ കുറ്റപ്പെടുത്തിയി

തുന്നു എന്നു പുതിയനിയമത്തിൽ വ്യക്തമായ ഭാഷയിൽ പറഞ്ഞിട്ടു
ണ്ട്. പൗലോസ് അപ്പോസ്തലൻ പറയുന്നത് "വിശുദ്ധൻമാരുടെ
സർവ്വസഭകളിലും എന്ന പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാ
തിരിക്കട്ടെ. ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരി
പ്പാനല്ലാതെ സംസാരിപ്പാനവർക്ക് അധികാരമില്ല (1 കൊരി, 14:34)
വീണ്ടും നാം വായിക്കുന്നു "മൗനമായിരിക്കാനല്ലാതെ ഉപദേശിപ്പാ
നോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല [1 തിമൊഥെ, 2:12]. ഇത്
ഒരു സ്ത്രീയെ മററുള്ള സ്ത്രീകളെയോ കുട്ടികളെയോ പഠിപ്പിക്കുന്ന
തിൽ നിന്നും മാററി നിർത്തുന്നില്ല (തീത്തൊ 2:3–4).

## 3. ദാനം—Giving

1 കൊരി 16:1–2 വരെയുള്ള വാക്യത്തിൽ വേദപുസ്തകം പറയു
ന്നത് "ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മശേഖരം നടത്തണ
മെന്നുള്ളതാണ്. സുവിശേഷഘോഷണത്തെ പിൻതാങ്ങുന്നത് എല്ലാ
ക്രിസ്ത്യാനികളുടെയും ചുമതലയും പദവിയുമാണ്. എന്നാൽ അ
വരുടെ സ്വന്ത ഇഷ്ടപ്രകാരം ചെയ്യുന്നതായിട്ടാണ് പുതിയ നിയമ
ത്തിൽ വിവരിച്ചിരിക്കുന്നത്. അല്ലാതെ വളരെ നിർബന്ധത്താൽ
കൊടുക്കുന്ന രീതി, പ്രത്യേക തുക ചുമത്തുന്ന രീതി മുതലായവ ഒരി
ക്കലും ഉപയോഗിച്ചിരുന്നില്ല. വേദപുസ്തകം പഠിപ്പിക്കുന്നത് അങ്ങ
നെയുള്ള ധർമ്മശേഖരം ദൈവത്തിനു സ്വീകാര്യമല്ല എന്നുള്ളതാണ്
(2 കൊരി 9:7). ഈ കാരണം കൊണ്ടാകുന്നു എല്ലാ ആരാധനയിലും ധർ
മ്മശേഖരം നടത്താതിരുന്നതും, സഭയുടെ നടത്തിപ്പിനായി മററു മാർ
ഗ്ഗങ്ങളിൽ പണം ഉണ്ടാക്കുന്ന രീതി പുതിയനിയമ കാലത്ത് അറിയ
പ്പെടാതിരുന്നതും. മററു ബന്ധപ്പെട്ട വചനങ്ങൾ 2 കൊരി 8:1–8;
മത്താ 19:29, ലൂക്കൊ 21:1–14.

## 4. കർത്താവിന്റെ അത്താഴം (Lord's supper)

കർത്താവിന്റെ തിരുവത്താഴത്തിൽ സംബന്ധിക്കുന്നത് എല്ലാ
ക്രിസ്ത്യാനികൾക്കും ഉണ്ടാകാവുന്നതിൽവെച്ച് ഏററവും അൽഭുത
കരമായ അനുഭവങ്ങളിലൊന്നാണ്, അപ്പത്തിനെക്കുറിച്ചു കർത്താവ്
പറയുന്നത് "........എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ" പാന
പാത്രം എടുത്തുകൊണ്ട് "ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ
ഓർമ്മക്കായി ചെയ്‌വിൻ എന്നു പറഞ്ഞു" [1 കൊരി 11:24–25;
ലൂക്കൊ 22:19–20] തിരുവത്താഴം അതുകൊണ്ട് ഒരു വെറും കടമയല്ല,
മഹത്തായ ഒരു പദവിയാകുന്നു. പൗലോസ് പറയുന്നത് "അങ്ങനെ
നിങ്ങൾ ഈ അപ്പം തിന്നുകയും ഈ പാനപാത്രം കുടിക്കയും ചെയ്യു
മ്പോഴൊക്കെയും കർത്താവു വരുവോളം മരണത്തെ പ്രസ്താവിക്കു
ന്നു 1 കൊരി 11:26)

പുതിയനിയമ സഭയിൽ തിരുവത്താഴം എല്ലാ ആഴ്ചയിലും നൽകപ്പെട്ടിരുന്നു. അപ്പോസ്തലൻമാർ ജീവിച്ചിരുന്നപ്പോഴും അതുകഴിഞ്ഞു കുറെ വർഷത്തേക്ക് മാസത്തിലൊരിക്കലോ, നാലാമത്തെ ആഴ്ചയിൽ എന്ന ഏർപ്പാടോ ഒരിക്കലും ഉണ്ടായതായി സാധാരണ ചരിത്രത്തിലും കാണുന്നില്ല. പ്രവൃത്തിയുടെ പുസ്തകത്തിൽ ഉള്ള പുതിയ നിയമസഭയിലെ രീതി ഈ വാക്യങ്ങളിൽ വായിക്കുന്നു. "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ" പൗലോസ് ........ പ്രസംഗം നീട്ടി [പ്രവൃ 20: 7] ഈ, വചനത്തിലും 1 കൊരി 16: 1–2 ലും നാം പഠിക്കുന്നത് ആഴ്ച്ചയുടെ ഒന്നാം ദിവസത്തിലായിരുന്നു അവർ പതിവായി കൂടി വന്നിരുന്നത് എന്നാകുന്നു. ഇതിന്റെ പ്രധാന ഉദ്ദേശം "അപ്പം നുറുക്കുവാൻ" അല്ലെങ്കിൽ തിരുവത്താഴത്തിൽ പങ്കുകൊള്ളുവാൻ എന്നതായിരുന്നു. ഞായറാഴ്ച്ച തിരുവത്താഴം കഴിക്കുക എന്നുള്ളതായിരുന്നു പഴയ കാലത്തെ സഭയുടെ രീതി എന്നു സാധാരണ ചരിത്രം തെളിയിക്കുന്നു. (Augustus Neander History of the christian religion and Church vol 1 page 332) (പ്രവൃ 20;7ൽ എല്ലാ ആഴ്ചയും എന്നു പറഞ്ഞിട്ടില്ലാത്തതുകൊണ്ട് അതുപോലെയുള്ള രണ്ടു വചനത്തിൽ നോക്കാം. പഴയനിയമത്തിൽ ദൈവം കല്പിച്ചു "ശബത്തു നാളിനെ ശുദ്ധീകരിപ്പാനോർക്ക എന്ന് (പുറ 20:8). എല്ലാ ശബത്തുനാളിനെയും എന്നു പറഞ്ഞിട്ടില്ല എന്നു വാദിച്ച് ഈ വചനത്തിന്റെ വ്യക്തമായ അർത്ഥം യഹൂദൻമാർ തള്ളിക്കളഞ്ഞേക്കാം. എങ്കിലും ഓരോ ശബത്തുദിനവും ആചരിക്കാത്തവരെ അവരുടെ മൂഢപ്രവൃത്തിക്ക് കുററം ചുമത്തിയിരുന്നു (സംഖ്യ 15:32–36). വീണ്ടും 1 കൊരി 16:1-2 ൽ വേദപുസ്തകം പറയുന്നു "ധർമ്മശേഖരം" എടുത്തിരുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു (വാക്യം2). ചിലർ കൂടുതൽ സ്വീകാര്യമായി കരുതി ക്രിസ്തുവിന്റെ അത്താഴം അപ്പോസ്തലൻമാർ ചെയ്തിരുന്നതിനേക്കാൾ കുറച്ചു പ്രാവശ്യം എടുക്കുന്നത് ശരിയാണെങ്കിൽ എന്തുകൊണ്ടാണ് പാട്ട്, പ്രസംഗം ധർമ്മശേഖരം ഇവയുടെ കാര്യത്തിൽ ഇതേ കാരണം ഉപയോഗിക്കാതിരിക്കുന്നത്.

## 5. പാടുന്നത് –Singing

പുതിയനിയമ സഭയിലെ വളരെ അപരിചിതമായി തോന്നാവുന്ന മറെറാരു സ്വഭാവവിശേഷം അവരുടെ പാട്ടുകൊണ്ടുള്ളതായിരുന്നു. (Hugo Leichtentritt Music History and ideas p. 34) അന്നത്തെ കാലത്തുള്ള മററു സമൂഹങ്ങളിൽ മിക്കതിലും സാധാരണ ഉപകരണങ്ങൾകൊണ്ടുള്ള പാട്ട് ഉപയോഗിച്ചിരുന്നുവെങ്കിലും സഭയിലെ അപ്പോസ്തലൻമാരോ മററു ശിഷ്യൻമാരോ അവ ഉപയോഗിച്ചിരുന്നതായികാണിക്കുന്ന ഒരു സംഭവം പോലും പുതിയ നിയമത്തിൽ ഇല്ല.

സാധാരണ ചരിത്രം കാണിക്കുന്നത് ഉപകരണങ്ങൾകൊണ്ടുള്ള പാട്ട് ഏകദേശം AD 666-ൽ പുറത്തായ മനുഷ്യകൽപ്പനയാണ് എന്നാകുന്നു. അതായത് പുതിയ നിയമത്തിൽനിന്നും അംഗീകാരം ഇല്ലാത്തെ അപ്പോസ്തലന്മാർ മരിച്ച് പല നൂറ്റാണ്ടുകൾക്കു ശേഷമാണ് ഇത് ഏർപ്പാടാക്കിയത്. നോഹയോട് ഗോഫർ മരംകൊണ്ടു പെട്ടകം ഉണ്ടാക്കുവാൻ കൽപ്പിക്കപ്പെട്ടതുപോലെ പുതിയനിയമം വ്യക്തമായി ക്രിസ്ത്യാനികളോട് വായ്കൊണ്ട് പാടുവാൻ കല്പിക്കുന്നു (ഉൽപ്പ 6:14, എഫെ. 5:19, കൊലൊസ്യർ 3:16).

ദൈവം പെട്ടകം ഗോഫർമരംകൊണ്ട് പണിയുന്നതിനു കല്പിച്ചപ്പോൾ നോഹ അതിനോട് പൈൻമരം കൂടി ചേർക്കുന്നതു പോലെയായിരിക്കും ദൈവാധികാരമില്ലാതെ ആരാധനയിൽ പിയാനോ, ഓർഗൺ, ഗിറ്റാർ ഇവ ഉപയോഗിച്ച് ദൈവകൽപ്പനയെ ലംഘിക്കുന്നത്. നോഹ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ദൈവത്തിന്റെ അത്താഴത്തോടുകൂടി കേക്കും കുടിക്കുവാൻ ലഹരിയില്ലാത്ത പദാർത്ഥങ്ങളും ഉപയോഗിക്കാം. അല്ലെങ്കിൽ ഉപകരണങ്ങൾകൊണ്ടുള്ള പാട്ട് ആരാധനയിൽ ആകാം. കാരണം ദൈവം അങ്ങനെ ചെയ്യരുത് എന്നു പറഞ്ഞിട്ടില്ലെന്നു നോഹക്കും പറയാമായിരുന്നു. നാം മുൻപ് നാദാബിന്റേയും അബീഹൂമിന്റേയും സംഭവത്തിൽനിന്നും പഠിച്ചതുപോലെ ആരാധന നടത്തുന്നതിൽ നാം ചെയ്യേണ്ടാത്ത കാര്യങ്ങൾ എല്ലാം ദൈവം പറഞ്ഞിട്ടില്ല. എന്നാൽ ദൈവം പ്രത്യേക കാര്യങ്ങൾ മാത്രം ചെയ്യുവാൻഅധികാരം നൽകുന്നു (ലേവ്യ 10:1-2).

നമുക്ക് അത്ഭുതകരമായി തോന്നുന്ന കാര്യങ്ങൾ ദൈവത്തിന്റെ മുൻപാകെ വെറുപ്പുള്ളതായിരിക്കും (യെശ 55:8). ഉപകരണം ഉപയോഗിച്ചുള്ള പാട്ട് നാം അവകാശപ്പെടുന്നതുപോലെ ഒരു സഹായം മാത്രമായിരുന്നുവെങ്കിൽ ദൈവാത്മാവുമുള്ളവരും സഭയെ സ്വന്തം ജീവനേക്കാൾ സ്നേഹിക്കുകയും ചെയ്ത അപ്പോസ്തലന്മാർ അവ ഉപയോഗിക്കുന്നത് യോജിക്കുന്നതായി കരുതുമായിരുന്നു. പഴയനിയമകാലത്ത് മൃഗങ്ങളുടെ യാഗത്തോടും ദഹനയാഗത്തോടും ഒപ്പം ദാവീദ് ഉപകരണങ്ങളും ആരാധനയിൽ ഉപയോഗിച്ചിരുന്നുവെങ്കിലും പുതിയനിയമസഭയിലെ ആരാധനയിൽ അവ ഉണ്ടായിരുന്നില്ല എന്നു വ്യക്തമായി കാണുന്നു (പാഠം 3 പേജ് 7 നോക്കുക). ലോകത്തിൽ ആകമാനം അനേകായിരങ്ങൾ ലളിതവും എന്നാൽ സുന്ദരവുമായ പുതിയനിയമ മാതൃകയനുസരിച്ചു ആരാധന നടത്തുന്നു. ദൈവം ആയതിനു നിങ്ങളെയും അനുഗ്രഹിക്കട്ടെ.

ചെറുകഥ

# ഒരു കൂട്ടുകെട്ടിന്റെ ബാക്കി

C. R. പീയൂസ്, പൊററക്കുഴി

സ്നേഹിതന്റെ മരണം യോവാക്കിമിന്റെ ഹൃദയത്തെ വല്ലാതെ വ്യാകുലപ്പെടുത്തി. സദാനേരവും ആ ചിന്ത അയാളെ വിട്ടുമാറാതെ നിന്നു.

വാസ്തവത്തിൽ മനുഷ്യന്റെ മരണത്തെപ്പററി ഇത്രയേറെ ചിന്തിക്കേണ്ട ഒരു കാര്യവുമില്ല എന്നയാൾക്ക് ബോദ്ധ്യമുണ്ട്. ലോകവ്യാപകമായിത്തന്നെ അംഗീകരിക്കപ്പെട്ടതാണത്. മാത്രമല്ല "ഏതവസ്ഥയിലും ഏതു പ്രായത്തിലും മരണത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു" എന്നു രേഖപ്പെടുത്തി കൊടുത്താണ് നാം ഓരോരുത്തരും ഈ ലോകത്തിലേക്കു വരുന്നതു തന്നെ! അതുകൊണ്ടാണ് ജീവിതപ്രയാസങ്ങളാം കുമിഞ്ഞുകൂടി, നിരാശതയുടെ അന്ധഗാധമായ ഗർത്തത്തിൽ വീർപ്പുമുട്ടി, മനഃസമാധാനത്തിനുവേണ്ടി ഉഴലുന്നവർ കയറോ, റെയിൽപ്പാളങ്ങളോ തേടുന്നതിൽ തനിക്കു പരാതിയില്ലെന്നു യോവാക്കിം മനസിൽ ഉറപ്പിച്ചിട്ടുള്ളത്.

പക്ഷേ, ഇവിടെ തന്റെ സ്നേഹിതനെ, അതും ഒരു നിരപരാധിയെ! വാപ്പേച്ചിൽ എന്നില്ലേ, കീറിമുറന്ന് ഒന്നുമറിയാത്ത തന്റെ ആത്മസുഹൃത്തിനെ! പ്രഥമവീക്ഷണത്തിൽത്തന്നെ, ആയുധമെടുത്തു അടിച്ചും കുത്തിയും കൊലയാളി, വകവരുത്തിയിരിക്കുന്നു!

തന്റെ സാന്നിദ്ധ്യമുണ്ടായിരുന്നെങ്കിൽ അതെന്തും നടക്കാൻ പോകുന്നില്ല എന്നു യോവാക്കിം മനസിൽ ഉറപ്പുവരുത്തി. സ്നേഹിതനുവേണ്ടി താനായിരിക്കും കഴുത്തു നീട്ടി വച്ചു കൊടുക്കുക.

പക്ഷേ തനിക്കതിനാകാതെ വന്നു.

തന്റെ രക്ഷയ്ക്കുവേണ്ടി ലോകത്തെ ആകമാനം വെല്ലുവിളിച്ച പ്രാണസ്നേഹിതൻ! അവനുവേണ്ടി ജീവൻ ത്യജിക്കേണ്ടത് തന്റെ കടമയായിരുന്നു.

"സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുക എന്നതിനേക്കാൾ വലിയൊരു സ്നേഹമില്ല"

അതോർത്തപ്പോൾ യോവാക്കിമിനു അസഹനീയമായ മനഃപ്രയാസം തോന്നി.

വീണുകിട്ടിയ ഒരു വലിയ ഭാഗ്യം! അതു കൈമോശം വന്നു. കൂട്ടുജോലിക്കാരൻ, അവൻ തന്റെ സ്നേഹിതനെ വഞ്ചിച്ചു! ഒരു കൊലപാതകം! അവനെത്ര നിഷ്പ്രയാസം സാധിച്ചു!

ഇങ്ങനെ വന്നുകൂടുമെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഈ ജോലി തന്നെ വേണ്ടെന്നു വെയ്ക്കുമായിരുന്നു.

ഒരു വ്യവസായശാലയുടെ ആവിർഭാവം കേട്ടപ്പോൾ സന്തോഷമുണ്ടായി. അവിടെ കാവൽജോലി. മൂന്നു ഷിഫ്റ്റിൽ മൂന്നു പേർ.

കാടും പടലും പിടിച്ചു, നിമ്നോന്നതഭൂമി സ്വന്തമായിക്കൊണ്ടിരിക്കുന്ന ഘട്ടം.

കമ്പിവേലിയിട്ടു മുറുക്കിയ ഏക്കർ കണക്കിന് ഭൂമി; ഒരു ഗയിററും. ജോവാക്കിമിന്റെ ദൃഷ്ടിക്കുമുമ്പിൽ ആ കുടുംബത്തിന്റെ രംഗം പകൽ വെട്ടത്തെന്നോണം തെളിഞ്ഞുവന്നു.

അന്ന് സന്ധ്യയോടടുത്ത നേരം.

ഗയിററു പൂട്ടി താക്കോൽ ഫാഫ് ട്രൗസറിന്റെ പോക്കറ്റിൽ നിക്ഷേപിച്ചു. പകൽ എരിഞ്ഞടങ്ങുകയായിരുന്നു. രജനി കടന്നു വരികയായിരുന്നു.

വൃക്ഷിലകൂട്ടങ്ങളിലും, കുന്നിൻചെരിവുകളിലും ഇരുട്ട് ഒളിച്ചുനിന്നിരുന്നു.

നിത്യനൂതനമായ ഒരു കഠോര മുഹൂർത്തം അടുത്തെത്തുകയാണ്. സത്യവും അസത്യവും തമ്മിലൊരു മൽപ്പിടിത്തത്തിനു കളമൊരുങ്ങുകയാണ്.

## ത്രിസന്ധ്യ

ഇരുന്നും നടന്നുമുള്ള ശ്രദ്ധാപൂർവ്വമായ തന്റെ ജോലിയിൽ മുഷിഞ്ഞ ശരീരത്തിനു അൽപ്പം ഉണർവേകാൻ മനസ്സാഗ്രഹിച്ചു. ജോവാക്കിം ഫ്ളാസ്ക്കെടുത്തു തുറന്നു. കപ്പിൽ ചൂടുപാൽ പകർന്നു. നേരിയ ആവി ഉയരുന്നതു അയാൾ മനസ്സിലാക്കി.

കപ്പ് നിലത്തുവച്ചു. ഫ്ളാസ്ക്കും കോർക്കിട്ടു; കപ്പിനടുത്തു തന്നെ സ്ഥലം കണ്ടു. തൽസമയം

'ണാം ...... ണാം ...... ണാം ......' ഒരു മണിനാദം അനന്തതവിഹായസ്സിൽ ആ നാദം അല തല്ലിത്തല്ലി, നേർത്തില്ലാതായി, ഏതോ ദേവാലയ മണിഗോപുരത്തിൽനിന്ന്. ജോവാക്കിം ഭയഭക്തിയോടെ നിന്നു. ലോകത്തിന്റെ നശ്വരതയേയും ആത്മാവിന്റെ അനശ്വരതയേയും കുറിച്ചുള്ള ചിന്ത മനുഷ്യമനസ്സുകളിൽ ഉണർത്തുകയാണ്. ഒരാഹ്വാനം.

''ഏതവസ്ഥയിലായിക്കൊള്ളട്ടെ, നീ സ്രഷ്ടാവിനെ ഓർത്തേ മതിയാവൂ''. സർവ്വാത്മനാ അതു കയ്യേൽക്കാൻ ജോവാക്കിം ബദ്ധശ്രദ്ധനായി. അയാൾ മനസ്സിൽ തീർപ്പെടുത്തു: മതി, പ്രാർത്ഥനാനന്തരം മതി ദാഹശമനം.

കുടത്തിൽ കരുതിയിരുന്ന ജലമെടുത്ത് കൈകാലുകൾ ശുദ്ധി വരുത്തി; തുടർന്ന് വായും മുഖവും. തൂവാലയെടുത്തു തുടച്ചു. ഏകാന്തതയിലേക്കു മനസ്സിനെ ആവാഹിക്കാൻവേണ്ടി ശാരീരിക കണികകളെയാകെ പ്രയോജനപ്പെടുത്താൻ ശ്രമം നടത്തി. സാവധാനം, പാൽക്കപ്പിനടുത്ത് തന്നെ, മണ്ണിൽ മുട്ടുകുത്തി. ആദ്യം വലതുകാൽ; പിന്നെ ഇടത്തെ കാലും. കൈകൾ ഇരുപാർശ്വങ്ങളിലായി വിരിച്ചു. അപ്പോൾ വലം കൈ പടർന്നു പന്തലിച്ചുനിന്നിരുന്ന മരച്ചില്ലുകളിലൊളിച്ചു നിന്നു. സ്വയം ഒരു കുരിശാകൃതി.

മുഖം തെല്ലുയർത്തി മിഴികൾ ഉയരങ്ങളിലേയ്ക്ക് നീട്ടിവച്ചു. ഏതാനും സമയം നിശ്ചലമായി കടന്നുപോയി. ഏകാഗ്രതയിൽ പരിപൂർണ്ണമായടങ്ങിയ മനസ്സും പരമാത്മാവിൽ കേന്ദ്രീകരിച്ചു. ഉൾക്കാഴ്ചയ്ക്ക് തെളിമയേറിയതോടെ, ഗൊൽഗോഥായുടെ ഉച്ചിമുന്നിൽ! തനിക്കായി നാഥൻ ക്രൂശിൽ രക്തം വാർക്കുന്നരംഗം! സർവ്വാംഗം മുറിവേററ തിരുവുടൽ!.... തൊട്ടടുത്ത് .... ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ! ഇരുമ്പാണികളിൽ!.... ശരീരമാകെ കുളിരണിയുന്നു. ആണിപ്പഴുതുകളിലൂടെ; മുൾമുടിതറഞ്ഞ മുറിവുകളിലൂടെ, തുറന്ന വിലാപ്പുറത്തൂടെ ചുടുചോര ചീററുകയാണ്! ഹോ!.... സ്രഷ്ടാവിന്റെ പരിപാവനമായ സന്നിധാനം.... സ്നേഹത്തിന്റെ വിശുദ്ധമായ കുർബാന! .... നാഥൻ തനിക്കായി ജീവൻ ബലിയർപ്പിച്ചിരിക്കുന്നു! തെററുകൾക്ക് മാപ്പപേക്ഷിക്കേണ്ടിടം. മറെറാരു തെററിനും പാകപ്പെടാതിരിപ്പാൻ അനുഗ്രഹം തേടേണ്ടിടവും..!

ആത്മശുദ്ധിയുടെ പവിത്രതയോടെ, സാവധാനതയോടെ നിമിഷങ്ങളോളം, ദൃഷ്ടികൾ ആ ദിവ്യാത്മത്തിലൂന്നി, യോവാക്കിം പൂർണ്ണ ഹൃദയത്തോടെ വിതുമ്പി; പിതാവേ!....

പിതാവേ! സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ അത്യുന്നതനായ ദൈവമേ.... യോവാക്കിം ഗദ്ഗദവിവശനായി. വിടരാതിരുന്ന കൺപോളകൾക്കിടയിലൂടെ അശ്രുപ്രവാഹം .... അനാദിയായ സംബോധന. യാചനാനിർഭരമായ വാചകം. ആവശ്യങ്ങളും ആഗ്രഹങ്ങളും ആ നാല് വാക്കുകളിൽ ഉൾക്കൊള്ളുകയാണ്. അസൂയകളും അതിമോഹങ്ങളും അവിടെ മണ്ണടിയുകയാണ്. വെറുപ്പും വിദ്വേഷവും ഹൃദയത്തിൽ നിന്നകലുകയാണ്. അഗ്നിയിലുരുകിയ സ്വർണ്ണമായി, ഹൃദയം രൂപാന്തരം പ്രാപിക്കുകയാണ്; സ്രഷ്ടാവും സൃഷ്ടിയും മുഖാമുഖം; നിമിഷങ്ങൾ നീങ്ങുന്നു. നിശബ്ദത ഘനീഭവിക്കുന്നു. മന്ദപവനൻ ഒഴിഞ്ഞകന്നു. വൃക്ഷലതാദികൾ തികഞ്ഞ മൂകത കൈക്കൊണ്ടതുകൊണ്ടാവാം, നാഥന്റെ തിരുമുമ്പിൽ യോവാക്കിം ശ്വാസോച്ഛ്വാസം പോലും നിയന്ത്രിച്ചു. പെട്ടെന്ന്; മുററിനിന്ന നിശ്ശബ്ദതയെ കീറിമുറിച്ചുകൊണ്ടു നേരിയൊരു മർമ്മരം; വേർതിരിച്ചറിയാനാവാത്ത ശബ്ദവീചി.... തുടർന്ന്, പൊരിവെയിലിൽ കരിഞ്ഞുകിടന്ന ഇലകളുടെ കിലുകിലാരവം.. യോവാക്കിം ഉൽക്കണ്ഠാകുലനായി. ഗൊൽഗുഥാ ഗിരിശൃംഗത്തിൽ നിന്നും മനസ്സിറക്കാൻ പ്രേരിതനാകുന്നു. മാനുഷികമായ കെൽപ്പുക്ഷയത്തിന്റെ സമ്മർദ്ദം. പിതാവേ.... അയാൾ യാചിച്ചു. ഊർദ്ധ്വ വീക്ഷണം കീഴ്പോട്ടിടിഞ്ഞു. ചിമ്മിച്ചിമ്മി.... അതാ: എട്ടുപത്തടിയകലെ. അനങ്ങിയനങ്ങി അടുക്കുകയാണ്. മൂർഖൻ ?.... പത്തി വിടർത്തിയ എട്ടടി മൂർഖൻ !.... ചീററൽ! യോവാക്കിമിന്റെ ഉള്ളിൽ ആരോ തീക്കനൽ കോരിയിട്ടു. ഉള്ളു പൊള്ളിയപ്പോൾ ശരീരമാകെ വിയർത്തു; വിയർപ്പൊഴുകി. ഹൃദയമിടിപ്പു പെരുമ്പറ കൊട്ടുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

# കർത്താവിന്റെ പ്രാർത്ഥന

സണ്ണി ഡേവിഡ്

ക്രിസ്തുവിന്റെ സഭയിലുള്ളവർ കർത്താവിന്റെ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല എന്ന ആരോപണം ചിലരിൽനിന്നു കേൾക്കാറുണ്ട്. എന്നാൽ അവർക്കു തെറ്റിപ്പോയി. കാരണം കർത്താവിന്റെ പ്രാർത്ഥന എന്താണെന്നു വാസ്തവമായി അവർ മനസ്സിലാക്കിയിട്ടില്ല എന്നതാണ് കാരണം. കർത്താവിന്റെ പ്രാർത്ഥനയായി കരുതപ്പെടുന്നത്, ബൈബിളിലെ മത്തായി എഴുതിയ സുവിശേഷം 6–ാം അദ്ധ്യായവും ലൂക്കോസ് എഴുതിയ സുവിശേഷം 11–ാം അദ്ധ്യായവുമാണല്ലോ. അവിടെ നാം വായിക്കുന്നത്, അവൻ ഒരു സ്ഥലത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു; തീർന്ന ശേഷം ശിഷ്യൻമാരിൽ ഒരുത്തൻ അവനോട്, കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യൻമാരെ പഠിപ്പിച്ചതുപോലെ ഞങ്ങളേയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ എന്നു പറഞ്ഞു. അവൻ അവരോട് പറഞ്ഞത്; നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഈവണ്ണം പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ദിനംപ്രതി തരേണമേ. ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ; ഞങ്ങൾക്കു കടംപെട്ടിരിക്കുന്ന ഏവനോടും ഞങ്ങളും ക്ഷമിക്കുന്നു; ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ; ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ" (ലൂക്കോസ് 11: 1–4).

ഏതു രീതിയിൽ പ്രാർത്ഥിക്കണമെന്ന് തന്റെ ശിഷ്യൻമാരെ പഠിപ്പിക്കയായിരുന്നു കർത്താവ് ചെയ്തത് എന്നതിൽ ആർക്കും എതിരുണ്ടാകയില്ല. അവൻ ഒരു പ്രാർത്ഥനാ മാതൃക നല്കുകയായിരുന്നു. കർത്താവ് ഉച്ചരിച്ച വാക്കുകൾ ആവർത്തിച്ച് ആവർത്തിച്ച് പ്രാർത്ഥിക്കുവാൻ അവൻ പറഞ്ഞിട്ടില്ല. എന്നാൽ പല നാമധേയ വിഭാഗങ്ങളിലും ഈ പ്രാർത്ഥന ആവർത്തിച്ച് ചൊല്ലി കേൾക്കാറുണ്ട്. ചിലർ വിശ്വാസ പ്രമാണങ്ങളോട് കൂടെ ഈ മോഡൽ പ്രെയർ കൂടെ നടത്താറുണ്ട്. അതേ വാക്കുകൾ, സമയാസമയം ആവർത്തിക്കുവാൻ യേശു പറയാത്ത സാഹചര്യത്തിൽ അങ്ങനെ ചെയ്യുന്നത് നിരർത്ഥകമായിത്തീരും. തന്നെയുമല്ല, നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത് എന്ന് ക്രിസ്തു തന്റെ ശിഷ്യൻമാരെ മുന്നറിയിച്ചിട്ടുണ്ട്. അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്ന ധാരണ ശരിയല്ലായെന്ന് അവൻ ഓർമ്മിപ്പിക്കയുമുണ്ടായി. നാം ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ട മഹത്തായ തത്വങ്ങൾ ഈ മാതൃകാ പ്രാർത്ഥനയിൽ അവൻ സൂചിപ്പിച്ചിട്ടുണ്ട്. നാം പ്രാർത്ഥിക്കുമ്പോൾ അവ ഓരോന്നും വിലയിരുത്തി പ്രാർത്ഥിക്കുകയാണ് വേണ്ടത്.

ആദ്യമായി നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ നമ്മുടെ പിതാവായി നാം സംബോധന ചെയ്യുവാൻ മാതൃക കാണിച്ചിരിക്കു

ന്നു. ഒരു പ്രാർത്ഥന എന്നത്, ആവശ്യവും, യാചനയും അപേക്ഷയുമാണ്. ഒരു കുട്ടി തന്റെ പിതാവിനോട് എന്തെങ്കിലും ആവശ്യപ്പെടുമ്പോൾ ഭയമോ, സംശയമോ കൂടാതെ തന്റെ പിതാവ് അതു നൽകും എന്ന വിശ്വാസത്തോടെയാണ് അപേക്ഷിക്കുന്നത്. സ്വന്ത പിതാവിനോടുള്ള അവകാശത്തിനായ അപേക്ഷയായി കരുതാം. അപ്പോൾ നാം ദൈവത്തെ അടുത്തു കൂടാത്ത പ്രകാശത്തിൽ സർവ്വശക്തനായ, സർവ്വവ്യാപിയായ. സൃഷ്ടി കർത്താവായി കാണേണ്ടതില്ലെന്നല്ല; മറിച്ച് അതിനേക്കാൾ വളരെ അടുത്ത ബന്ധം സമ്പർക്കം പുലർത്തുമ്പോൾ ഉണ്ട് എന്ന് അവൻ വെളിപ്പെടുത്തിയിരിക്കുന്നു. സ്നേഹവും കരുണയും ആർദ്രതയും കരുതലും ഒരു പിതാവിന് തന്റെ കുഞ്ഞുങ്ങളോട് ഉണ്ടായിരിക്കും. അതേ സ്വഭാവമാണ് പിതാവായ ദൈവത്തിന് തന്റെ മക്കളോട് ഉള്ളത്. അത് തികച്ചും നമ്മെ വൈകാരിക ബന്ധത്തിലേക്ക് നയിക്കുന്നു. പലർക്കും ഈ രീതിയിൽ ദൈവത്തിന്റെ കൃപാസനത്തോട് സമീപിക്കുവാൻ കഴിയുന്നില്ല. നാം ഇത് മനസ്സിലാക്കി പ്രാർത്ഥിക്കുവാനാണ് അവൻ പറഞ്ഞത്.

രണ്ടാമതായി പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ നാമം വിശുദ്ധമായി നാം കണക്കാക്കിയിട്ടുവേണം അവനോട് യാചിക്കുവാൻ. അവന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ എന്നതിൽ നാം അവന്റെ അംഗീകാരത്തെ ദുർവിനിയോഗിക്കയോ വൃഥാ എടുക്കുകയോ ചെയ്യരുത്. നമുക്കു ദൈവത്തോടുള്ള ആദരവിനെയാണ് സൂചിപ്പിക്കുന്നത്. യഹോവയുടെ നാമം വിശുദ്ധവും അതി ഭയങ്കരവുമാകുന്നു എന്ന് ദാവീദ് തന്റെ 3-ാം സങ്കീർത്തനം 10-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു. എന്റെയോ നിങ്ങളുടെയോ നാമം വിശുദ്ധമോ ഭയങ്കരമോ അല്ല. കാരണം നാം എല്ലാവരും മനുഷ്യരാണ്, അവന്റെ ശുദ്ധീകരണം ആവശ്യമുള്ള, സൃഷ്ടികളാണ്. എന്നാൽ ചിലർ ഈ വാക്കിന്റെ അർത്ഥം ശരിയായി മനസ്സിലാക്കിയിട്ടോ അല്ലയോ എന്നറിയില്ല; അവരുടെ പേരോട് കൂടെ റെവറന്റ് എന്ന വാക്ക് ചേർത്ത്, എഴുതാറുണ്ട്. അത് തെറ്റും പാപവുമത്രെ. ദൈവനാമത്തോട് മാത്രം ചേർത്തു പറയേണ്ട അഥവാ ഉപയോഗിക്കേണ്ട ഒന്നാണിത്. യഹോവയുടെ നാമത്തെ എടുത്തു മനുഷ്യർക്കു കൊടുക്കുമ്പോൾ അവർ ദൈവത്തോട് തുല്യത അവകാശപ്പെടുകയാണ് ചെയ്യുന്നത്.

മൂന്നാമതായി, നമ്മുടെ സ്വന്ത ആവശ്യങ്ങളാണ് പലരും പ്രാർത്ഥിക്കുമ്പോൾ അപേക്ഷിക്കാറുള്ളത്. പക്ഷെ ദൈവത്തിന്റെ രാജ്യത്തിന് പ്രഥമ സ്ഥാനം കൊടുക്കണം. യേശുക്രിസ്തു ഈ പ്രാർത്ഥന അവരെ പഠിപ്പിക്കുമ്പോൾ രാജ്യം സ്ഥാപിതമായിട്ടില്ലായിരുന്നതിനാൽ അതു അത്യാവശ്യവുമായിരുന്നു. എന്നാൽ പിന്നീട് താൻ രാജ്യം സ്ഥാപിച്ചു കഴിഞ്ഞിരിക്കയാൽ ആ രാജ്യം വരേണമേ

എന്നു പ്രാർത്ഥിക്കുന്നതിൽ അർത്ഥമില്ല. പിന്നെ ആ രാജ്യത്തിന്റെ വ്യാപ്തിക്കായും വളർച്ചക്കായും നമുക്ക് ദൈവത്തോട് യാചിക്കാം. ശിഷ്യൻമാർ രാജ്യസ്ഥാപനത്തിനായി കാത്തിരിക്കയായിരുന്നു. കർത്താവിന്റെ സഭ ഭൂമിയിൽ പണിതപ്പോഴം അവന്റെ ആത്മീയമായ രാജ്യം സ്ഥാപിച്ചു കഴിഞ്ഞു. ഒരേ സ്ഥാപനത്തെ കുറിക്കുന്നതിന് ഉപയോഗിച്ച രണ്ടു വാക്കുകളാണ് സഭയെന്നതും രാജ്യം എന്നതും. മത്തായി എഴുതിയ സുവിശേഷം 16–ാം അദ്ധ്യായം 18–ാം വാക്യത്തിൽ " ഞാൻ എന്റെ സഭയെ പണിയും എന്നു പറഞ്ഞു". ശിഷ്യൻമാരിൽ ചിലർ ജീവനോടിരിക്കുമ്പോഴം തന്നെ ദൈവരാജ്യം വരും എന്ന് മർക്കോസ് 9–ാം അദ്ധ്യായം 1–ാം വാക്യത്തിൽ പറഞ്ഞിരുന്നു.

യേശു, മരിക്കയും, ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. തൊട്ടടുത്ത പെന്തക്കൊസ്തു നാളിൽ താൻ വാഗ്ദാനം ചെയ്തതുപോലെ തന്നെ അവന്റെ രാജ്യം അല്ലെങ്കിൽ സഭ സ്ഥാപിച്ചു. മത്തായി 16: 18–19; മർക്കൊസ് 9:1; ലൂക്കൊസ് 24: 46–49; പ്രവൃത്തി 1:1–12; പ്രവൃത്തി 2:1–4; 38-47. എന്നീ ഭാഗങ്ങൾ ദയവു ചെയ്ത് വായിക്കുക. സഭയുടെ സ്ഥാപനത്തിനുശേഷം ക്രിസ്ത്യാനികളെ അവന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു (കൊലൊ. 1: 12-13). പ്രാപിച്ചിരിക്കുന്ന ആ രാജ്യത്തെക്കുറിച്ച് എബ്രായലേഖകൻ പറയുന്നത്, ഇളകാത്ത രാജ്യം എന്നത്രെ. ഭൗമികമായ ഒരു രാജ്യത്തിന് രാജാവ്, പ്രജകൾ, നിയമം, പ്രദേശം എന്നിവ ആവശ്യമാണ്. യേശുക്രിസ്തുവിന്റെ ആത്മീയ രാജ്യത്തിൽ നമുക്ക് ഇത് കാണുവാൻ കഴിയും. യേശുക്രിസ്തു, സഭയുടെ തലയാകയാൽ അവൻ ആ രാജ്യത്തിന്റെ രാജാവാകുന്നു (കൊലൊ. 1: 18; എഫെസ്യർ 1: 22-23). സഭയിലുള്ള എല്ലാ അംഗങ്ങളും അവന്റെ രാജ്യത്തിലെ പ്രജകളാണ്. പുതിയ നിയമം എന്ന ഭരണഘടനയാണ് ആത്മീയമായ ഈ രാജ്യത്തിലുള്ളവരെ ബാധിക്കുന്നത് (2 യോഹന്നാൻ 9–11). ഈ കാരണങ്ങൾ എല്ലാം വെച്ചുകൊണ്ടു നോക്കിയാൽ വന്നുകഴിഞ്ഞ രാജ്യം വീണ്ടും വരുവാൻ പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. യേശുക്രിസ്തുവിന്റെ ഭരണം കടന്നു ചെന്നിട്ടില്ലാത്ത ആത്മാക്കളുണ്ട്. അങ്ങനെയുള്ള ആത്മാക്കളിലേക്ക് അവന്റെ നിയമം എത്തിക്കുകയാണ് ഇപ്പോഴത്തെ നമ്മുടെ ധർമ്മം. നമ്മുടെ പ്രാർത്ഥനയും അതിനെ മുൻനിർത്തിയായിരിക്കണം. യേശുക്രിസ്തു വീണ്ടും വരുമ്പോഴാണ് രാജ്യം സ്ഥാപിക്കുന്നതെന്ന ഒരു അപദ്ധ ധാരണ പരന്നിട്ടുണ്ട്. അതു വചന വിരുദ്ധവും ദുരുപദേശവും ആകുന്നു.

നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകേണമേ എന്ന് പ്രാർത്ഥിക്കുവാൻ അവൻ ശിഷ്യൻമാരെ പഠിപ്പിക്കുകയുണ്ടായി. ഇതെങ്ങനെ സാദ്ധ്യമായിത്തീരും എന്നത് തന്റെ പ്രബോ

ഷണങ്ങളിലൂടെ യേശു വ്യക്തമാക്കിയിട്ടുണ്ട്. സങ്കീർത്തനം 103-ന്റെ 30-ൽ നാം വായിക്കുന്നത്, അവന്റെ വചനത്തിന്റെ ശബ്ദം കേട്ടു അവന്റെ ആജ്ഞ അനുസരിക്കുന്ന വീരൻമാരായി അവന്റെ ദൂതൻമാരായുള്ളോരേ യഹോവയെ വാഴ്ത്തുവിൻ'' എന്നത്രെ. ദൈവ കല്പന അനുസരിക്കുന്നതാണ് സ്വർഗ്ഗത്തിലെ ഇഷ്ടം. അതു തന്നെ ഭൂമിയിലും ആകണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. ആരും നശിച്ചുപോകാതെ എല്ലാവരും രക്ഷ പ്രാപിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം (2 പത്രോ 3.9). ദൈവത്തിന്റെ വചനം കേൾക്കുകയോ അനുസരിക്കുകയോ ചെയ്യാതെ നാം രക്ഷിക്കപ്പെടുകയില്ല. നാം അവന്റെ ഹിതം ലോകത്തെ അറിയിച്ചില്ലെങ്കിൽ മററുള്ളവർ എങ്ങനെ ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കും? പ്രായോഗിക ജീവിതമാണ് പ്രാർത്ഥന ആവശ്യപ്പെടുന്നത്. വിതക്കാതെ നല്ല വിളവെടുപ്പിനു പ്രാർത്ഥിക്കുന്നതിൽ യാതൊരു ന്യായീകരണവുമില്ല. അതുകൊണ്ട് പ്രയോജനമൊന്നും കിട്ടാനില്ല. അതുപോലെ തന്നെയാണ് ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപോലെ ഭൂമിയിലും ആകേണമേ എന്ന പ്രാർത്ഥനയും. എല്ലായ്പോഴും നാം അവന്റെ ഇഷ്ടം മാത്രം ചെയ്യുന്നവരായിരിക്കണം.

അന്നന്നു വേണ്ട ആഹാരത്തിനായി പ്രാർത്ഥിക്കുവാൻ യേശു ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ദൈനന്തിനാവശ്യങ്ങൾ ദൈവത്തിലുള്ള ആശ്രയം നിമിത്തം മുടക്കം കൂടാതെ ലഭിക്കും എന്ന ഉറപ്പാണ് അത് നല്കുന്നത്. മാസ ശമ്പളത്തിൽ ജോലി ചെയ്യുന്നവർ ഒന്നോ രണ്ടോ ദിവസം മുടക്കം വരുത്തിയേക്കാം. എന്നാൽ ദിവസ ശമ്പളക്കാർ സാദ്ധ്യമെങ്കിൽ ഒരു ദിവസംപോലും നഷ്ടമാക്കാതിരിക്കുവാൻ ശ്രമിക്കും. ദിവസംതോറുമുള്ള ആഹാരത്തിനുവേണ്ടി എന്തുകൊണ്ട് പ്രാർത്ഥിക്കണമെന്ന് ഇതിനാൽ നമുക്ക് ബോദ്ധ്യമാകും.

ക്ഷമാപണത്തിനുകൂടെ നാം പ്രാർത്ഥിക്കണമെന്ന് അവൻ പഠിപ്പിച്ചിരിക്കുന്നു. വാക്കിനാലും ചിന്തയാലും പ്രവൃത്തിയാലും നാം പലപ്പോഴും തെററു ചെയ്യുവാനിടയുണ്ട്. കാരണം നാമെല്ലാവരും മനുഷ്യരാണ്. അവയെ പൂർണ്ണമായി ശിക്ഷിക്കുവാൻ കഴിയുന്നത് ദൈവത്തിനാണ്. അതിനാൽ നാം ദിവസവും ക്ഷമാപണം അപേക്ഷിക്കണം. അതിനു മുൻപായി നമ്മോട് തെററ് ചെയ്തിട്ടുള്ളവരോട് നാം ക്ഷമിച്ചെങ്കിൽ മാത്രമെ ദൈവം നമ്മോടും ക്ഷമിക്കുകയുള്ളു. ''നിങ്ങൾ മനുഷ്യരുടെ പിഴകളെ പൊറുക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ പിതാവു നിങ്ങളുടെ പിഴകളേയും പൊറുക്കുകയില്ല'' (മത്തായി. 6:15). അതുകൊണ്ടാണ് നമ്മുടെ കടങ്ങൾ ക്ഷമിച്ചു കിട്ടുന്നതിനുവേണ്ടി നാം മററുള്ളവരുടെ കടങ്ങളെ ക്ഷമിക്കുന്നവരായിരിക്കണം എന്നു പറഞ്ഞിരിക്കുന്നത്.'' നമ്മുടെ പാപങ്ങൾ ദൈവം ക്ഷമിച്ചു തരണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ക്ഷമാപണത്തിനു നമ്മെ സമീപിക്കുന്നവരെ നാം നിരാശപ്പെടുത്തരുത്.

പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ പ്രാർത്ഥിക്കണമെന്ന് അവൻ പറഞ്ഞിട്ടുണ്ട്. നമുക്ക് സഹിക്കുവാൻ കഴിയുന്നതിനു മീതെ അവൻ ഒരിക്കലും പരീക്ഷ വരുത്തുകയില്ല. പരീക്ഷയിൽ പിശാച് നമ്മെ കീഴ്പ്പെടുത്താതിരിക്കേണ്ടതിന് ദൈവ സഹായത്തിനായി നാം പ്രാർത്ഥിക്കണം. ദൈവ പുത്രനായിരുന്നിട്ടു പോലും യേശു പരീക്ഷിക്കപ്പെട്ടു (മത്തായി 4). കർത്താവ് ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും നീതികെട്ടവരെ, വിശേഷാൽ മലിന മോഹംകൊണ്ട് ജഡത്തെ അനുസരിച്ചു നടക്കയും കർത്തൃത്വത്തെ നിന്ദിക്കയും ചെയ്യുന്നവരെ തന്നെ (2 പത്രൊസ് 2:9). മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും. ഈ ഭാഗ്യം ദൈവമക്കൾക്ക് മാത്രമായുള്ളതാണ്. പുതിയ നിയമ ലേഖകന്മാരിൽ ഒരാളായ യാക്കോബ് ഈ പരീക്ഷണങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്; "എന്റെ സഹോദരന്മാരെ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ" എന്നത്രെ. അപ്പോൾ പരീക്ഷണങ്ങൾ വരുന്നത് നമ്മുടെ നന്മക്കാണ്. എന്നാൽ അതു നമ്മുടെ കഴിവിനപ്പുറമായി ഭവിക്കുവാൻ ഇടവരുത്താതിരിക്കേണ്ടതിന് ദൈവത്തോട് പ്രാർത്ഥിച്ചാൽ ദൈവം അതിനെ അതിജീവിക്കുവാൻ നമ്മെ സഹായിക്കും.

മത്തായി 6-ഉം ലൂക്കോസ് 11-ഉം അദ്ധ്യായങ്ങളിൽ യേശുക്രിസ്തു പഠിപ്പിച്ചതായ പ്രാർത്ഥനയിൽ നിന്ന് അനേക നല്ല പാഠങ്ങൾ പ്രാർത്ഥനയെക്കുറിച്ചു നാം വായിക്കുന്നുണ്ട്. ഇന്ന് പൊതുവിൽ അറിയപ്പെടുന്നതുപോലെ അത് കർത്താവിന്റെ പ്രാർത്ഥനയല്ല. ബൈബിളിൽ അങ്ങനെ പറയുന്നുമില്ല. ഒരു മാതൃകാ പ്രാർത്ഥനയായി തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതാണ് ഇത് എന്ന് നാം കണ്ടുകഴിഞ്ഞതാണല്ലൊ. അത് കർത്താവിന്റെ പ്രാർത്ഥനയാണെന്ന് തെറ്റിദ്ധരിച്ച് അത് ആവർത്തിച്ചു ദിവസവും പ്രാർത്ഥിക്കുന്നവരുണ്ട് എന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. അങ്ങനെയുള്ള ജല്പനം പാടില്ല എന്ന് യേശുക്രിസ്തുതന്നെ നിഷേധിച്ചിട്ടുള്ളതാകുന്നു. കർത്താവിന്റെ പ്രാർത്ഥനയെന്നു പറയണമെങ്കിൽ അത് കർത്താവ് തന്നത്താൻ പ്രാർത്ഥിച്ചതായിരിക്കണമല്ലൊ. അവന്റെ പ്രാർത്ഥന യോഹന്നാൻ 17-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവരെ ലോകത്തിൽനിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളണം എന്നത്രെ ഞാൻ

അപേക്ഷിക്കുന്നത്. ഞാൻ ലൌകികനല്ലാത്തതു പോലെ അവരും ലൌകികൻമാരല്ല. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ.

ദൈവത്തിന്റെ ഹിതമായ ഐക്യതക്കുവേണ്ടിയും തന്റെ പ്രാർത്ഥനയിൽ അവൻ അപേക്ഷിക്കുന്നുണ്ട്. അവിടെ തന്റെ അപ്പോസ്തലൻമാർക്കും അവരുടെ വചനത്താൽ അവന്റെ ശിഷ്യൻമാരാകാൻ പോകുന്നവർക്കും വേണ്ടി യാചിക്കുന്നുണ്ട്. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ഉപദേശത്തിലും ജീവിതത്തിലും തന്നിൽ വിശ്വസിക്കുന്നവർ എല്ലാവരും ഒന്നായി കാണണമെന്ന അവന്റെ പ്രാർത്ഥന ഇന്ന് ആർക്കും അറിഞ്ഞുകൂടാ. അതിന്റെ ഉദ്ദേശം ഒരു വിഭാഗത്തിനു പ്രശ്നമല്ല എന്ന തോന്നലാണ് ജനിപ്പിക്കുന്നത്. യഥാർത്ഥ ക്രിസ്ത്യാനി, ക്രിസ്ത്യാനിയായി മാത്രം അറിയുവാൻ ആണ് ദൈവം ആഗ്രഹിക്കുന്നത്. തരംതിരിക്കുന്ന ക്രിസ്തീയ വിഭാഗങ്ങൾ ദൈവത്തിനിഷ്ടമല്ല എന്നു നാം അറിഞ്ഞിരിക്കണം. കർത്താവ് പറഞ്ഞ മാർഗ്ഗ പ്രകാരം നിങ്ങൾ രക്ഷ പ്രാപിച്ചിട്ടുണ്ടോ? അവൻ നിർമ്മിതാവും തലയുമായ അവന്റെ സഭയിലാണോ നിങ്ങൾ? അതോ നിങ്ങൾ ഏതെങ്കിലും മനുഷ്യ നിർമ്മിത നാമധേയ വിഭാഗത്തിലാണോ? (മത്തായി 16:18; 1 കൊരി. 12:18; കൊലൊസ്യർ 1:18).

ക്രിസ്തുവിന്റെ സഭ ആരംഭിച്ച് വർഷങ്ങൾക്ക് ശേഷമാണ് മനുഷ്യർ തങ്ങളുടെ നിലനില്പിനുവേണ്ടി ഓരോ വിഭാഗങ്ങൾ സൃഷ്ടിച്ചത്. അവയൊന്നും ദൈവത്തിന്റെ ആലോചനപ്രകാരമല്ല. അപ്പോൾ ചോദിച്ചേക്കാം ദൈവത്തിന് ഇതെല്ലാം നിരോധിച്ചുകൂടെ എന്ന്. ദൈവം ആരെയും നിർബന്ധിച്ച് ഒന്നും ചെയ്യിക്കാതിരിക്കയോ ചെയ്യിപ്പിക്കയോ ഇല്ല. ദൈവം സകല മനുഷ്യർക്കും ഒരു സ്വതന്ത്ര ചിന്താഗതിയനുസരിച്ച് പ്രവർത്തിക്കത്തക്ക രീതിയിലാണ് അവസരം ഒരുക്കിയിരിക്കുന്നത്. യാന്ത്രികമായ രീതിയിലല്ല അവൻ തന്റെ സൃഷ്ടി രൂപപ്പെടുത്തിയിരിക്കുന്നത്.

ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം മനുഷ്യരിൽ വിശ്വസിക്കയും അവരുടെ ആചാരങ്ങളെ ദൈവീകമെന്നു കരുതുകയും ചെയ്യുന്നവർ വിശ്വാസത്തിലും, ആചാരത്തിലും, പ്രാർത്ഥനയിലുമെല്ലാം മനുഷ്യർ നല്കുന്നതിനെ അനുസരിച്ച് പോവുകയാണ്. എന്നാൽ നാം പിൻപറ്റേണ്ടത് ദൈവത്തെയും അവന്റെ വചനത്തെയുമാണ്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി കാണും ആരാണ് കർത്താവിന്റെ പ്രാർത്ഥന കാര്യമായെടുക്കുന്നതെന്നും ആരാണ് അല്ലാത്തതെന്നും. ദൈവത്തോടുള്ള നിങ്ങളുടെ ബന്ധം കുറ്റമറ്റതും നീതിയുള്ളതുമായിത്തീരുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നതാണ് എന്റെ പ്രാർത്ഥന.

# ക്രിസ്തീയ വിശ്വാസം

എം. കെ. കുര്യൻ, മാമുണ്ടയിൽ

ഇന്നത്തെ ക്രൈസ്തവ ലോകത്തിന്റെ ശോചനീയകരമായ അവസ്ഥയെ പററി ചിന്തിക്കുമ്പോൾ യഥാർത്ഥമായ ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചു യാതൊരു പരിജ്ഞാനവും ഇല്ലാതെ വ്യർത്ഥമായി ദൈവത്തെ ആരാധിക്കുന്ന അജ്ഞരായ ഒരു വമ്പിച്ച ജന സമൂഹത്തെയാണ് നാം നമ്മുടെ മുമ്പിൽ കാണുന്നത് (മത്താ. 15:8,9).

ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥതയിൽ കൂടി നാം എന്ത് ആശിക്കുന്നുവോ അതു നമുക്ക് ലഭിക്കും എന്നുള്ള നമ്മുടെ ഉറപ്പും, നാം കാണാത്തവയും അവൻ നമുക്ക് വാഗ്ദത്തം ചെയ്തിട്ടുള്ളവയും ആയ കാര്യങ്ങളിൽ നമുക്കുള്ള നിശ്ചയവും ആകുന്നു യഥാർത്ഥമായ ക്രിസ്തീയ വിശ്വാസം (1. തിമൊ 2: 5,6), (എബ്രാ. 11:1). ഇവയിൽ ഏററവും മുഖ്യമായത് നമ്മുടെ ആത്മ രക്ഷയാണ് (യോഹ. 3:16). അതായത് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ദൈവത്തോടൊപ്പമുള്ള നമ്മുടെ സ്വർഗ്ഗത്തിലെ നിത്യ സൗഭാഗ്യ ജീവിതം മാത്രമല്ല, ഈ ലോകത്തിൽ നമുക്ക് വേണ്ടത് എന്തെല്ലാമെന്ന് ദൈവം അറിയുന്നു. നമ്മുടെ ആവശ്യങ്ങളും, സന്തോഷവും, സമാധാനവും നമ്മോടു കൂടെയുള്ള അവന്റെ സാന്നിദ്ധ്യവും, സംരക്ഷണവും, ഈ വാഗ്ദത്തങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. (മത്താ. 6: 32,33) (യോഹ. 3; 16), (1 യോഹ. 2:25) (പ്രവൃ. 8:39), (യോഹ. 14:23), (1 പത്രോ. 1:3,12); (2 പത്രോ. 1: 1–11).

എന്നാൽ (പ്രവൃ. 16:31), (യോഹ. 1: 12), (യോഹ. 3:10); മുതലായ വേദവാക്യങ്ങളെ ആധാരമാക്കി മേൽ വിവരിച്ച വാഗ്ദത്തങ്ങൾക്ക് അവകാശികളാകുവാൻ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതിയെന്നും അവനെ നമ്മുടെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിച്ചു നൻമ ചെയ്തു ജീവിച്ചാൽ മാത്രം മതിയെന്നും ചില സുവിശേഷകൻമാരും, ഉപദേഷ്ടാക്കൻമാരും പഠിപ്പിക്കുന്നു. എന്നാൽ ഇപ്രകാരം ഒരു ഉപദേശം വേദപുസ്തകത്തിൽ ഇല്ല. യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നുണ്ട്. ''വിശ്വസിച്ചാൽ മാത്രം മതി'' എന്നു പഠിപ്പിക്കുന്നില്ല. ''മനുഷ്യ കല്പനകളായ ഉപദേശങ്ങൾ'' എന്നാണ് ഇപ്രകാരമുള്ള ഉപദേശങ്ങളെ തിരുവചനം വിശേഷിപ്പിച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ ''പാപം ചെയ്യാതെ നൻമ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല'' എന്നും, ''നാം പാപം ചെയ്തിട്ടില്ലാ എന്നും പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി'' എന്നും പഠിപ്പിക്കുന്നത് നീതിമാൻമാരേക്കുറിച്ചാണ്. (സഭാ. 7;20)(1 യോഹ. 1:10.). ആയതിനാൽ പാപം ചെയ്യാതെ നൻമ മാത്രം ചെയ്തു ജീവിക്കുവാൻ ഒരു നീതിമാനും സാദ്ധ്യമല്ല.

ദൈവത്തിന്റെ സ്നേഹം, കൃപ, ദീർഘക്ഷമ, ദയ ഇവയെല്ലാം നമുക്കു ആവശ്യമായി വന്നിരിക്കുന്നതു ഇക്കാരണത്താലാണ്. (മത്താ. 9:13). ആയതിനാൽ ഇവയെല്ലാം നാം കരസ്ഥമാക്കുന്നതു ക്രിസ്തീയ വിശ്വാസത്തിലൂടെയാണ്. (എഫെ. 2: 4-10). എപ്രകാരം ? ദൈവത്തെ മാത്രം അനുസരിക്കുന്നതിൽ കൂടി (യെശയ്യാ. 1 18-20); ആവ. 13: 1:5; പ്രവൃ. 4: 19-20, പ്രിയരേ, യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നുള്ളത് ദൈവകല്പനയാണ്. (യോഹ 3:16). ആയതിനാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നാം ദൈവ കല്പന അനുസരിക്കുന്നു (മത്താ. 7:21). ഇതിൽ വിശ്വസിച്ചാൽ മാത്രം മതിയെന്നുള്ള ഉപദേശത്തിന് ഒട്ടും പ്രസക്തിയില്ല. കാരണം, അവനെ വിശ്വസിക്കാതെ അവനെ അനുസരിക്കുവാൻ ആർക്കും സാദ്ധ്യമല്ല. (ആവ. 18:17.19, മത്താ. 17:5, യോഹ. 12:44) ഇതിൽ പ്രഥമ സ്ഥാനം അർഹിക്കുന്നതു വിശ്വാസമാണ്. (എഫെ. 2: 4-8). എന്നാൽ വിശ്വസിച്ചിട്ടു നാം അനുസരിക്കേണ്ടതിനായി ദൈവം ഒന്നും കല്പിച്ചിട്ടില്ലയോ ? തീർച്ചയായും കല്പിച്ചിട്ടുണ്ട്. ''എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് ദൈവം മനുഷ്യരോട് കല്പിക്കുന്നു'' (പ്രവൃ. 17:30) (ലൂക്കോ. 13:3). യേശുവിനെ ഏറ്റു പറയണമെന്ന് ദൈവം കല്പിക്കുന്നു (മത്താ. 10:32, റോമ. 10: 9.10, യോഹ. 14:24). മാത്രമല്ല, പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കേണ്ടതിനായി പാപങ്ങൾ മോചിക്കപ്പെടുവാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണമെന്നും ദൈവം കല്പിക്കുന്നു. (പ്രവൃ. 2: 38.39, മർക്കൊ. 16: 15.16)

ശ്രദ്ധിച്ചാലും! ഇതെല്ലാം ദൈവ കല്പന ആയിരിക്കെ രക്ഷ പ്രാപിക്കുവാൻ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതി എന്നു പഠിപ്പിക്കുന്നവർ എന്തുകൊണ്ട് മറ്റു കല്പനകളെ അവരുടെ പുറകിൽ എറിഞ്ഞുകളയുന്നു ? (2 പത്രോ. 1:20.21, സങ്കീ. 50: 16.17), എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കാതെ അവനെ അനുസരിക്കുവാൻ ആർക്കും സാദ്ധ്യമല്ല, (എബ്രാ. 11:1, എബ്രാ. 5: 8.9). മേൽവിവരിച്ച ദൈവകല്പനകൾ അനുസരിക്കുമ്പോൾ മനുഷ്യർ രക്ഷിക്കപ്പെടുകയും കർത്താവ് അവരെ സഭയോട് ചേർക്കയും ചെയ്യുന്നു (പ്രവൃ. 2: 38-47). അപ്പോൾ അവർ അറിയപ്പെടുന്നതു കർത്താവിന്റെ ശിഷ്യന്മാർ (പ്രവൃ. 9:1), ദൈവത്തിന്റെ മക്കൾ (ഗലാ. 3: 26.29, 1 യോഹ. 3:1). ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതി, രാജകീയ പുരോഹിത വർഗ്ഗം, വിശുദ്ധ വംശം, ദൈവത്തിന്റെ ജനം, കൃപ ലഭിച്ചവർ, എന്നും അവരുടെ നാമം ക്രിസ്ത്യാനികൾ എന്നും ആയിരിക്കും. (പ്രവൃ. 11:26) (1 പത്രൊ. 2: 9-10). (1 പത്രോ. 4: 16). മരണം വരെയുള്ള അവരുടെ ജീവിതം യേശുക്രിസ്തുവിന്റെ അപ്പോസ്തലന്മാർ പഠിപ്പിച്ച ഉപദേശ പ്രകാരവും അവർ കാണിച്ച മാതൃക പ്രകാരവും മാത്രം ആയിരിക്കും. (യോഹ. 18: 20, ഗലാ. 1: 6-9, 2 യോഹ. 8.9, 1 യോഹ. 4:6, 2 തെസ്സ. 2:13-15, ഫിലി. 3: 17,21). ഇതാണ് സത്യവേദപുസ്തകം വെളിപ്പെടുത്തിയ യഥാർത്ഥമായ ക്രിസ്തീയ വിശ്വാസം. ആ വിശ്വാസം ഒന്നുമാത്രം. (എഫെ. 4: 2-6).

എന്നാൽ ഇപ്രകാരം വചനാനുസാരണമുള്ള യഥാർത്ഥമായ ക്രിസ്തീയ വിശ്വാസം ഒരിക്കലും വചന വിരുദ്ധമായ പരസ്പര സ്നേഹവും ഐക്യതയുമില്ലാത്ത വിവിധ നാമങ്ങളോടു കൂടിയ നൂറു കണക്കിന് സമുദായ സംഘടനകൾ രൂപം പ്രാപിക്കുവാൻ കാരണമാകുന്നില്ല. (യോഹ. 17: 17-23, ഗലാ. 3: 23-29). ആയതിനാൽ ഇന്നു നാം കാണുന്ന സമുദായ സംഘടനകൾ രൂപം പ്രാപിച്ചത് മാനുഷ കല്പനകളായ ഉപദേശങ്ങളാലാണെന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കാം. അവരുടെ ഭക്തി വ്യർത്ഥമത്രേ. കാരണം അവരുടെ ജ്ഞാനം നശിക്കയും ബുദ്ധി മറഞ്ഞുപോകയും ചെയ്യുന്നു. (യെശ. 29: 13,14, മത്താ. 15: 8,9, 2 തെസ 2: 9-22). എന്നാൽ ഇതു സംഭവിക്കുമെന്ന് കർത്താവ് മുൻകൂട്ടി മനസ്സിലാക്കിയിരുന്നു. (മത്താ. 7: 15,19) (മത്താ. 25: 24,25). എന്നു തന്നെയുമല്ല തന്റെ നാമം ഘോഷിക്കുന്ന ഈ വമ്പിച്ച സമുദായ സംഘടനകളെ മുന്നിൽ കണ്ടു കൊണ്ടാണ് അവൻ ഇപ്രകാരം പറഞ്ഞത്. (മത്താ. 7: 21-27) വായിക്കുക. മാത്രമല്ല ''എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്നും അവൻ പറഞ്ഞു'' (ലൂക്കോ. 18:8).

വിശ്വാസം കണ്ടെത്തുമോ ? ഈ ചോദ്യം അവൻ ഇന്നും നമ്മോട് ചോദിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തെ മാത്രം അനുസരിക്ക; എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തും. അതിന് ദൈവം എല്ലാവർക്കും കൃപ നല്കട്ടെ. O

# കുരിശ്.

## ബ്ര. ജെ. ഫ്രാൻസിസ്, പൂന്തുറ

ക്രിസ്ത്യാനിയുടെ ചിഹ്നമായി ഇന്നു പലരും കുരിശിനെ കരുതുന്നു. ക്രിസ്തീയ ദേവാലയങ്ങളെ തിരിച്ചറിയുന്നതിനായി പല ക്രിസ്തീയ വിഭാഗക്കാരും കുരിശ് ദേവാലയത്തിനു മുകളിൽ സ്ഥാപിച്ചിരിക്കുന്നു. കത്തോലിക്കാ സഭ തുടങ്ങിയ ക്രിസ്തീയ വിഭാഗത്തിലെ അംഗങ്ങൾ തങ്ങൾ ക്രിസ്ത്യാനികളാണെന്നു മറ്റുള്ളവർ അറിയുന്നതിനു കുരിശ് കഴുത്തിൽ ധരിച്ചു നടക്കുന്നു. കുരിശ് കഴുത്തിൽ ധരിച്ചാൽ സാത്താന്റെ ഉപദ്രവങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ കഴിയുമെന്നു അന്ധമായി വിശ്വസിക്കുന്ന പല സഭാംഗങ്ങളും നമ്മുടെ മദ്ധ്യേ ഇന്നു ഇല്ലാതില്ല. തങ്ങളുടെ അധികാരങ്ങൾ തെറ്റായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു പല സഭാദ്ധ്യക്ഷൻമാരും (മാർപ്പാപ്പ, കർദിനാൾ, ബിഷപ്പ് തുടങ്ങിയവർ) പൊൻകുരിശും വെള്ളിക്കുരിശും കഴുത്തിൽ ധരിച്ചു നടക്കുന്നുണ്ട്. ദുഃഖവെള്ളിയാഴ്ച എന്ന ഒരു ദിവസം ഉണ്ടാക്കി പള്ളിയുടെ അ

കത്ത് കുരിശിനു മുമ്പിൽ വലിയ പാത്രം വച്ചു അതിൽ നാണയത്തുട്ടുകളും നോട്ടുകളും ജനങ്ങളെക്കൊണ്ടു ഇടുവിച്ച് കുരിശിനെ ആരാധിപ്പിക്കുന്ന സഭകളും ഇന്നും നമ്മുടെ ഇടയിൽ ഇല്ലാതില്ല. ഇങ്ങനെ പല ക്രിസ്തീയ വിഭാഗങ്ങളിലും നോക്കിയാൽ ക്രിസ്തുവിനെക്കാളും ദൈവ വചനങ്ങളെക്കാളും പ്രാധാന്യം കുരിശിനു നൽകിയിരിക്കുന്നതായി മനസ്സിലാക്കുവാൻ കഴിയും.

ഇപ്രകാരം കുരിശിനു അമിത പ്രാധാന്യം നൽകുന്നതിനു ക്രിസ്തീയ സഭയുടെ അടിസ്ഥാന നിയമങ്ങളും ഉൾക്കൊള്ളുന്ന ബൈബിൾ അനുവദിക്കുന്നുണ്ടോയെന്നു ഈ ലേഖനത്തിലൂടെ നമുക്കു നോക്കാം. ''ക്രിസ്തുവിന്റെ ക്രൂശ് വ്യർത്ഥമാകാതിരിക്കേണ്ടതിന് വാക്ചാതുര്യത്തോടെ അല്ലതാനും. ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.'' (1 കൊരി. 1: 17-18). ക്രിസ്തുശിഷ്യനായ പൗലോസിന്റെ ഈ വാക്കുകളിൽ നിന്നും ഇന്നത്തെ ക്രിസ്തീയ സമൂഹം കാണുന്ന കുരിശിനെയല്ല അർത്ഥമാക്കിയിരിക്കുന്നതെന്നു വ്യക്തമാണ്. അദ്ദേഹം അവിടെ കുരിശെന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ വചനങ്ങളെയാണെന്നു ഏതൊരു പാമരനും തിരിച്ചറിയാൻ കഴിയും. ''ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെയാണ് പിന്നെ അദ്ദേഹം എടുത്തു പറയുന്നത്; അല്ലാതെ കുരിശിനെ അല്ല. ''ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്ന് ഞാൻ നിർണ്ണയിച്ചു'' (1 കൊരി: 2:2).

യഹൂദ പ്രമാണികളും പുരോഹിതൻമാരും നിരപരാധിയായ യേശുവിൽ കുറ്റം ചുമത്തി വിചാരണക്കായി റോമൻ ഗവർണ്ണറായ പീലാത്തോസിന്റെ മുമ്പിൽ നിർത്തിയപ്പോൾ പീലാത്തോസ് പറഞ്ഞത് ഇപ്രകാരമായിരുന്നു. ''എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും, നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ ?'' (യോഹ: 19:10). ഇതിൽ പീലാത്തോസ് നൽകിയ പ്രാധാന്യം കുരിശിനല്ലായിരുന്നു. എന്നാൽ ക്രിസ്തുവിനായിരുന്നു.

മേൽ പറഞ്ഞ ബൈബിളിലെ വാക്യങ്ങളിൽ നിന്നും ക്രിസ്തുവിനല്ലാതെ കുരിശിനു യാതൊരു പ്രാധാന്യവും കാണുവാൻ കഴിയുന്നില്ല. ബൈബിളിൽ നിന്നു വ്യതിചലിച്ചു കുരിശിനു പ്രാധാന്യം നൽകുന്നവർ തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾ മറ്റുള്ളവരിലേക്കു തെറ്റായി അടിച്ചേല്പിക്കുന്നു. ബൈബിളിലേയ്ക്കു നാം വീണ്ടും കണ്ണോടിക്കുകയാണെങ്കിൽ കുരിശു ശപിക്കപ്പെട്ട ഒന്നായിരുന്നുവെന്നു മനസ്സിലാക്കുവാൻ കഴിയും. ''തൂങ്ങി മരിച്ചവൻ ദൈവ സന്നിധിയിൽ ശാപഗ്രസ്തൻ ആകുന്നു'' (ആവ: പു.

21:22). ''മരത്തിൻമേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായി തീർന്നു (ഗലാ. 3: 13). ഇതിൽ നിന്നും ക്രിസ്തു ദൈവ സന്നിധിയിൽ ശാപ ഗ്രസ്തനായി തീർന്നു. ആ ഒററക്കാരണത്താൽ മാത്രമാണ്, ക്രിസ്തു മരത്തിൻമേൽ തൂക്കപ്പെട്ടത് (ക്രൂശിക്കപ്പെട്ടു). ക്രിസ്തു പരിശുദ്ധനാണ്. എന്നാൽ പരിശുദ്ധനായ ക്രിസ്തു ദൈവ സന്നിധിയിൽ എങ്ങനെ ശാപഗ്രസ്തനായിതീർന്നു ? നമ്മുടെ പാപങ്ങളാൽ നാം ശാപഗ്രസ്തരാകേണ്ടതാണ്. നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവ സന്നിധിയിൽ ക്രിസ്തു ശാപ ഗ്രസ്തനായി മാറിയിരിക്കുന്നു. ഇവിടെ കുററവാളികൾക്കു വേണ്ടി പരിശുദ്ധനായ നിരപരാധി ശിക്ഷിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പാപമോചനത്തിനായുള്ള ബലിയിൽ ക്രിസ്തു ബലിയാടായി മാറി. അതിനാൽ പൗലോസ് വീണ്ടും പറയുന്നു ''എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു'' (ഗലാ: 6:14). ഇവിടെയും പ്രാധാന്യം അദ്ദേഹം ക്രിസ്തുവിനാണ് എടുത്തുകാട്ടുന്നത്. ''നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കൻമാരുടെ ദൈവം ഉയർപ്പിച്ചു. (അപ്പ: പ്ര: 5:30). ഇന്നു പല സഭകളിലും കാണുന്നതുപോലെ കുരിശിനാണ് പ്രാധാന്യം നൽകിയിരുന്നതെങ്കിൽ ദൈവം യേശുവിനെ ഉയർപ്പിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. ക്രിസ്തുവിനെ തൂക്കിയ കുരിശിനെ പൊക്കി ദൈവം അപ്പോസ്തലൻമാർക്കു നൽകി ആരാധിപ്പാൻ പറഞ്ഞാൽ പോരായിരുന്നോ? ഇന്നത്തെ ചില സഭാപ്രമാണിമാരുടെ അഭിപ്രായത്തിൽ ദൈവം ക്രിസ്തുവിനെ ഉയർപ്പിച്ചതു തെററായിരിക്കാം. അതു തികച്ചും ശരിയായിരുന്നുവെങ്കിൽ അവർ അമിത പ്രാധാന്യം കുരിശിനു നൽകുമായിരുന്നോ?

യെശയ്യാവ് എന്ന പ്രവാചകൻ, ക്രിസ്തു ഈ ലോകത്തിൽ വന്നാൽ നമ്മുടെ പാപങ്ങൾക്കു വേണ്ടി അവൻ അനുഭവിക്കുവാൻ പോകുന്ന നിന്ദ, വേദന, പീഡനം, ശിക്ഷ, വിധി എന്നിവയെ കുറിച്ചും അതുമൂലം മനുഷ്യർക്ക് തരാനിരിക്കുന്ന സുഖഭോഗങ്ങളെ കുറിച്ചും വ്യക്തമായി 53–ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. കുരിശിനു പ്രാധാന്യം നൽകണമായിരുന്നുവെങ്കിൽ അദ്ദേഹം ക്രിസ്തുവിനെകുറിച്ചു പ്രവചിക്കേണ്ട കാര്യമില്ലായിരുന്നു. കുരിശിനെ കുറിച്ചു പ്രവചിച്ചാൽ മതിയായിരുന്നു. ''ഞാനോ, ഇപ്പോഴും പരിച്ഛേദന പ്രസംഗിക്കുന്നു എന്നു വരികിൽ ഇനിയും ഉപദ്രവം സഹിക്കുന്നതു എന്ത്? അങ്ങനെയെങ്കിൽ ക്രൂശിന്റെ ഇടർച്ച നീങ്ങിപ്പോയല്ലോ'' (ഗലാ 5:11). അപ്പോസ്തലനായ പൗലോസിന്റെ ഈ വാക്കുകളിൽ ക്രൂശിന്റെ ഇടർച്ച നീങ്ങിപ്പോയിട്ടില്ല എന്നാണ് പറയുന്നത്. അതായത് ദൈവ വചനത്തിനുള്ള തടസ്സ

ങ്ങൾ നീങ്ങിയില്ല. അപ്പോൾ പ്രാധാന്യം ദൈവ വചനത്തിനല്ലേ? എന്നാൽ കുരിശിന്റെ പ്രാധാന്യം എന്താണ്?

ശാസ്ത്രിമാരിലും പരീശൻമാരിലും ചിലർ ക്രിസ്തുവിൽ നിന്നു ഒരു അടയാളം ചെയ്തു കാൺമാൻ ഇച്ഛിച്ചപ്പോൾ അവൻ പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. ''ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കുകയില്ല.'' യോനാ കടലാനയുടെ വയററിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. (മത്തായി 12: 38–40). ചില ക്രിസ്തീയ സഭാവിഭാഗങ്ങൾ ക്രിസ്തുവിന്റെ അടയാളം കുരിശായി ചിത്രീകരിക്കുന്നു. അപ്രകാരം കുരിശു ക്രിസ്തുവിന്റെ അടയാളമായിരുന്നുവെങ്കിൽ എന്തുകൊണ്ട് ക്രിസ്തു അന്നു യോനായുടെ അടയാളം എടുത്തു പറഞ്ഞു. ഇപ്രകാരം ക്രിസ്തു, യോനായുടെ അടയാളം എടുത്തു പറഞ്ഞതുകൊണ്ട്, കുരിശിനു പ്രാധാന്യം നൽകുന്ന അവർ യോനാക്കു എന്തുകൊണ്ട് പ്രാധാന്യം നൽകുന്നില്ല ? മൂന്നു രാവും മൂന്നു പകലും ക്രിസ്തു ഭൂമിയുടെ ഉള്ളിൽ ഉണ്ടായിരുന്നുവല്ലോ! ഈ കാരണത്താൽ അവർ എന്തുകൊണ്ടു ഭൂമിക്കു പ്രാധാന്യം നൽകി അതിനെ ആരാധിക്കുന്നില്ല ? അപ്രകാരം ചെയ്യുന്നുവെങ്കിൽ അവരുടെ കള്ളത്തരങ്ങൾ ലോകം അറിയും. ഭൂമിക്കും യോനായ്ക്കും പ്രാധാന്യം നൽകുന്നതു തെററാണെങ്കിൽ ക്രിസ്തുവിനെ ക്രൂശിക്കപ്പെട്ടു എന്ന കാരണത്താൽ കുരിശിനു പ്രാധാന്യം നൽകുന്നത് തെററല്ലേ ?

യഹൂദൻമാർക്ക് ഇടർച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും യഹൂദൻമാരാകട്ടെ യവനൻമാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെതന്നെ (1കൊരി: 1:24), അപ്പോസ്തലനായ പൗലോസ് പ്രസംഗിച്ചത് കുരിശിനെ. വന്ദിക്കുവാൻ അദ്ദേഹം യാതൊന്നും പറഞ്ഞില്ല. ദൈവത്തിന്റെ ഭോഷത്വം മനുഷ്യരേക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ബലമേറിയതുമാകുന്നുവെന്ന് (1 കൊരി 1:25) അദ്ദേഹം ക്രിസ്തുവിനെകുറിച്ചുതന്നെ വീണ്ടും പറയുന്നു.

നാം പാപം സംബന്ധിച്ചു മരിച്ചു. നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിൻമേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. നിങ്ങൾ തെററി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു; ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങിവന്നിരിക്കുന്നു. (1 പത്രോസ് 2: 24,25) അപ്പോസ്തലനായ പത്രോസ് ക്രിസ്തു കുരിശിൽ കയറിയത്

എങ്ങനെയാണെന്നും അതുമൂലം നാം എങ്ങനെ പാപത്തിൽ നിന്നും മോചിക്കപ്പെട്ടുവെന്നും അതിനുശേഷം നാം ആരിലേക്കാണ് മടങ്ങി വന്നിരിക്കുന്നതെന്നും വ്യക്തമായി അദ്ദേഹം ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നു. അദ്ദേഹംപോലും കുരിശിനു പ്രാധാന്യം നൽകിയിരുന്നില്ലായെന്നു വ്യക്തമായി ആർക്കും മനസ്സിലാക്കുവാൻ സാധിക്കും. ക്രിസ്തു കുരിശിൽ കിടന്നപ്പോൾ ആരും കുരിശിനെ പരിഹസിച്ചില്ല. ഇവൻ മററുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല; അവൻ ഇസ്രായേലിന്റെ രാജാവ് ആകുന്നു വെങ്കിൽ ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങി വരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കുമെന്നു (മത്തായി 27:42) പറഞ്ഞ് മഹാ പുരോഹിതൻമാരും ശാസ്ത്രിമാരും മൂപ്പൻമാരും അവനെ നോക്കി പരിഹസിച്ചു. അതുകൊണ്ടായിരിക്കാം ഇന്നും ചില സഭാ വിഭാഗങ്ങൾ ക്രിസ്തുവിനു പ്രാധാന്യം നൽകാതെ കുരിശിനു പ്രാധാന്യം നൽകി അതിനെ ആരാധിക്കുന്നത്. ആരാധന ദൈവത്തിനു മാത്രം ഉള്ളതാണ്. അപ്പോൾ ദൈവത്തിനുമാത്രം ഉള്ള ആരാധന കുരിശിന് നൽകുന്നത് ശരിയാണോ? എന്തുകൊണ്ട് അവർ ദൈവ വചനത്തിനു പ്രാധാന്യം നൽകുന്നില്ല?

അപ്രകാരം പ്രാധാന്യം നൽകുന്നുവെങ്കിൽ പല സഭാദ്ധ്യക്ഷൻമാരും സഭയുടെ വെറും അംഗങ്ങളായി മാറും. തെററായ ആരാധനകൾ നടത്തിയില്ലെങ്കിൽ അവരുടെ ധനാഗമ മാർഗ്ഗം നശിക്കും. മനുഷ്യർ പറഞ്ഞ തെററായ മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ച പലരേയും ദൈവം ശിക്ഷിച്ചതായി പഴയ നിയമത്തിൽ പല ഭാഗത്തും നമുക്കു വായിക്കുവാൻ കഴിയും. അതിനാൽ ദൈവ വചനങ്ങൾ വിട്ടുകളഞ്ഞ് മനുഷ്യർ പ്രബോധിപ്പിക്കുന്ന തെററായ കാര്യങ്ങളിൽ വിശ്വസിച്ച് കുരിശിനും പ്രതിമകൾക്കും പ്രാധാന്യം നൽകി അവയെ ആരാധിച്ചും മനുഷ്യരെ പ്രസാദിപ്പിച്ചും തെററായ പ്രവർത്തികൾ ചെയ്തു ദൈവ ശിക്ഷ വാങ്ങണോ? അതോ ദൈവ വചനത്തിനു കീഴടങ്ങി ദൈവത്തെ മാത്രം ആരാധിച്ചു ക്രിസ്തുവിലൂടെ രക്ഷ പ്രാപിക്കണമോ? അപ്പോസ്തലനായ പൗലോസ് പറയുന്നത് ഇവിടെ പ്രസക്തമാണ്. "സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല; സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും ഞാൻ യാതൊന്നിനും അധീനനാകയില്ല. ഭോജ്യങ്ങൾ വയററിനും വയറ് ഭോജ്യങ്ങൾക്കും ഉള്ളത്; എന്നാൽ ദൈവം ഇതിനെയും അതിനെയും ഇല്ലായ്മയാക്കും. ശരീരമോ ദുർന്നടപ്പിനല്ല കർത്താവിന്നത്രേ; കർത്താവ് ശരീരത്തിനും" (1 കൊരി 6:12–13). അതിനാൽ ശരിയായത് എന്താണെന്നു ചിന്തിക്കാനും അതനുസരിച്ചു പ്രവർത്തിക്കാനും ഓരോ ക്രിസ്ത്യാനിക്കും കർത്തവ്യമുണ്ട്. ആ കർത്തവ്യം ശരിയാംവണ്ണം നാം ഉപയോഗിക്കുന്നില്ലായെങ്കിൽ അതിന്റെ ഫലം നാം അനുഭവിച്ചേ മതിയാകൂ. അതിനാൽ സഹോദരങ്ങളെ, ചിന്തിച്ചു പ്രവർത്തിക്കുക.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnana-sundaram and J. C. Choate.

All correspondence should be sent to The Voice of Truth Post Box 3815, New Delhi 110049.

Mondays—9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 ; 00 to 9 : 15 P. M.
Sundays– 12 : 45 to 1 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth, Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Tuesdays—2 : 30 to 2 : 45 P.M.
Thursdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P.M.
Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese.

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and published by P. K. Varghese Church of Christ, Trivandrum. Printed at Santhosh Printers Nandavanam, Tvm.

Regd: No. K. Dis. 90095 / 86/ A8    Regd. No. KL/TV (N)22

**You are Cordially Invited To Attened**

Worship Services and Bible Studies

Sunday 10 a. m.
Tuesday 6.30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be send to the Editor, Bible Truth, Church of Christ. Trivandrum-34, Kerala, South India

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India

To